# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എരുത്തേമ്പതി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-(പി.കെ.ഡി.) പി-11/1665/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 14/12/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എരുത്തേമ്പതി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-(പി.കെ.ഡി.) പി-11/1665/23 തീയ്യതി: 14/12/2023

## പാലക്കാട് ജില്ലയിലെ എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 20-09-2022 മുതൽ 09-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-10-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാം മനോഹർ.വി.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 10-10-2023 | 19-10-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-10-2023 | 19-10-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സി.എസ്.സന്തോഷ്, ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്)

ശ്രീ.ഹരിഗോബിന്ദ്.കെ.സി, അസി. ഓഡിറ്റ് ഓഫീസർ

ശ്രീമതി.ആതിര.എച്ച്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ഗോകുൽ.സി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.പ്രിയദർശിനി.എസ് | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.ബാഹുലേയൻ.സി.വി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ.ഷെമി.വി.എസ് | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി.വിനിത.പി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 05-09-2022 |
| ശ്രീമതി.സുഷമ.വി.എസ് | അസിസ്റ്റന്റ് എഞ്ചിനിയർ | 06-09-2022 | 31-03-2023 |
| ശ്രീമതി.റംലത്ത്,വൈ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ഫാത്തിമാബീവി.എസ്.എം | എച്ച്.എം | 01-04-2022 | 31-03-2023 |
| ഡോ.ആതിര.പി | മെഡിക്കൽ ഓഫീസർ(എഫ്.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ.ബിഷ്ണു എസ് പ്രസാദ് | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.വിനയകുമാർ.പി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 13-04-2022 |
| ഡോ.വിനീഷ്.പി.വി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 14-04-2022 | 15-04-2022 |
| ഡോ.രഞ്ജി.പി.ആനന്ദ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 16-04-2022 | 31-03-2023 |
| ശ്രീ.നവനീത്.പി | വി.ഇ.ഒ-1 | 01-04-2022 | 05-08-2022 |
| ശ്രീമതി.ഷീബ.സി | വി.ഇ.ഒ-1 | 06-08-2022 | 31-03-2023 |
| ശ്രീമതി.അനുഷാറാണി.പി.ജി | വി.ഇ.ഒ-2 | 01-04-2022 | 05-08-2022 |
| ശ്രീമതി.സുമി.പി | വി.ഇ.ഒ-2 | 06-08-2022 | 31-03-2023 |
| ശ്രീമതി.ലിബി ആന്റണി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി.സുചിത.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ അപാകം | 1-1-1 |
| 3 | അക്രൂവൽ സ്വഭാവമുള്ള ഇനങ്ങളുടെ ജേണൽ എൻട്രി യഥാസമയം നടത്തുന്നില്ല | 1-1-2 |
| 4 | ആവശ്യമായ പ്രൊവിഷനുകൾ രേഖപ്പെടുത്തിയിട്ടില്ല | 1-1-3 |
| 5 | Joint Venture പദ്ധതികൾക്കായി ലഭ്യമായ തുകകൾ ബാങ്ക് അക്കൗണ്ടിൽ വേറിട്ട് കാണാൻ സാധിക്കുന്നില്ല. | 1-1-4 |
| 6 | അടിസ്ഥാന ആനുപാതികങ്ങളും കുറിപ്പുകളും വാർഷിക കണക്കിൽ ചേർത്തിട്ടില്ല | 1-1-5 |
| 7 | ആസ്തി രജിസ്റ്റർ കാലികമാക്കി ILGMS മായി ബന്ധിപ്പിച്ചിട്ടില്ല | 1-1-6 |
| 8 | രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല | 1-1-7 |
| 9 | ഇഷ്യൂ ചെയ്ത് മൂന്നു മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ STALE CHEQUE ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല | 1-1-8 |
| 10 | ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു വർഷത്തിനു മുകളിലായിട്ടും ചെക്കുകൾ ക്യാഷ് ചെയ്തിട്ടില്ല | 1-1-9 |
| 11 | ആസ്തി ബാധ്യതകൾ ക്രമീകരിച്ചിട്ടില്ല | 1-1-10 |
| 12 | ഇൻവെസ്റ്റ്മെന്റ് ഉൾപ്പെടുത്തിയിട്ടില്ല | 1-1-11 |
| 13 | ഡിപ്രീസിയേഷന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല | 1-1-12 |
| 14 | ബജറ്റ് | 1-2 |
| 15 | സാമ്പത്തിക വിശകലനം | 1-3 |
| 16 | ഫണ്ട് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | ക്ഷേമപദ്ധതികൾ | 1-7 |
| 20 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 22 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 23 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം വിലയിരുത്തൽ | 1-11 |
| 24 | വസ്തു നികുതി പരിഷ്കരണം 2023-അവലോകനം | 1-12 |
| 25 | വസ്തുനികുതി ക്രമപ്രകാരം ഈടാക്കേണ്ടതാണ് | 1-12-1 |

| | | |
|---|---|---|
| 26 | അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിലെ അപാകങ്ങൾ പരിഹരിക്കേണ്ടതാണ് | 1-12-2 |
| 27 | തൊഴിൽ നികുതി പിരിവ് വിലയിരുത്തൽ | 1-13 |
| 28 | തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ് | 1-13-1 |
| 29 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ് | 1-13-2 |
| 30 | നികുതിയേതര വരവുകൾ - അവലോകനം | 1-14 |
| 31 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ | 1-15 |
| 32 | ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ പൂർണ്ണമായ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല | 1-15-1 |
| 33 | അപേക്ഷകളിലെ സാക്ഷ്യപ്പെടുത്തലുകൾ അപൂർണ്ണം | 1-15-2 |
| 34 | വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന മെഷീനറികൾ സ്ഥാപിക്കുന്നതിനും പുതുക്കുന്നതിനുമുള്ള ഫീസ് ഈടാക്കിയില്ല | 1-15-3 |
| 35 | വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന മെഷീനറികൾക്കുള്ള ഫീസ് കുറവായി ഈടാക്കി | 1-15-4 |
| 36 | 2016 ലെ പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങൾ പാലിക്കേണ്ടതാണ് | 1-15-5 |
| 37 | കുടിവെള്ളവിതരണം - വെള്ളക്കരം കുടിശ്ശിക തീർപ്പാക്കാതെ തുടരുന്നു | 1-16 |
| 38 | പെർമിറ്റ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല | 1-17 |
| 39 | തെരുവ് വിളക്കുകളുടെ പരിപാലനം വിലയിരുത്തൽ | 1-18 |
| 40 | ഹരിതകർമസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ് | 1-19 |
| 41 | പൊതുടാപ്പുകൾ ഒഴിവാക്കുന്നതിനായി നിക്ഷേപിച്ച തുകയുടെ ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 1-20 |
| 42 | നിക്ഷേപ പ്രവൃത്തിക്കുള്ള ധന വിനിയോഗ സാക്ഷ്യപത്രം - ഹാജരാക്കേണ്ടതാണ് | 1-21 |
| 43 | നിക്ഷേപ പ്രവൃത്തിക്കുള്ള ധന വിനിയോഗ സാക്ഷ്യപത്രം - ഹാജരാക്കേണ്ടതാണ് | 1-22 |
| 44 | സ്റ്റീൽ സാമഗ്രികൾ കയ്യൊഴിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല | 1-23 |
| 45 | ABC പ്രോഗ്രാം-ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 1-24 |
| 46 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 1-25 |
| 47 | പാലിന് ഇൻസെന്റീവ്- വകയിരുത്തിയ തുക ചെലവഴിച്ചില്ല | 1-26 |
| 48 | വൃദ്ധർക്ക് കട്ടിൽ വിതരണം - നേരിട്ടുള്ള വാങ്ങലിൽ സർക്കാർ മാർഗ്ഗനിർദ്ദശങ്ങൾ പാലിച്ചില്ല | 1-27 |
| 49 | അമൃതം ന്യൂട്രിമിക്സ് - ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല | 1-28 |
| 50 | ഭിന്നശേഷി സ്കോളർഷിപ്പ് -മറ്റു പഞ്ചായത്തിലെ താമസക്കാർക്ക് നൽകി | 1-29 |

| | | |
|---|---|---|
| 51 | ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ- അപാകതകൾ | 1-30 |
| 52 | വനിതാ സ്വയംതൊഴിൽ പദ്ധതി - പ്രവർത്തന വിവരം അറിയിക്കേണ്ടതാണ് | 1-31 |
| 53 | ലൈഫ് - ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-32 |
| 54 | പഠനമുറി നിർമ്മാണം (എസ്.സി) പൂർത്തീകരിച്ചിട്ടില്ല | 1-33 |
| 55 | മരാമത്ത് പ്രവൃത്തികളുടെ ആസൂത്രണ, നിർവ്വഹണ നടപടിക്രമങ്ങൾ വിലയിരുത്തൽ | 1-34 |
| 56 | ടേക് എ ബ്രേക് ശൗചാലയ നിർമ്മാണം പ്രാവർത്തികമായില്ല | 1-35 |
| 57 | രണ്ടര ലക്ഷം രൂപയിൽ താഴെ കരാർ തുകയുള്ള ബില്ലുകളിൽ നിന്നും ജി.എസ്.ടി ടി.ഡി.എസ് നടത്തുന്നു | 1-36 |
| 58 | വിവിധ ശ്മശാനങ്ങളുടെ ചുറ്റുമതിൽ നിർമ്മാണം, അനുബന്ധ പ്രവൃത്തികൾ - സ്ഥലത്തിന്റെ കൃത്യത ഉറപ്പാക്കാതെ പ്രവൃത്തി ഏറ്റെടുത്തു | 1-37 |
| 59 | ടാർ ബാരലുകളുടെ ജി.എസ്.ടി കേന്ദ്ര-സംസ്ഥാന സർക്കാരുകളിലേക്ക് ഒടുക്കുന്നില്ല | 1-38 |
| 60 | ഹോമിയോ ആശുപത്രിയിലേക്കുള്ള മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം | 1-39 |
| 61 | പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയപ്പോൾ നടപടിക്രമങ്ങൾ പാലിച്ചില്ല | 1-40 |
| 62 | കന്നുകുട്ടി വാങ്ങലിന് സബ്സിഡി നൽകൽ- വരുമാന പരിധി പാലിച്ചില്ല | 1-41 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ വാങ്ങി നൽകൽ - അപാകങ്ങൾ | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കിലെ വിവിധ പത്രികകളുടെ സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 30/23/30-06-23 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 03-07-2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫറങ്ങൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 തിയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായി വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായ, എരുത്തേമ്പതി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : പാലക്കാട്

തിയതി : 14.12.2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ അപാകം

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase/decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹64,25,504/- രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹77,56,724/- രൂപയാണ്. അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ്സ് പ്രകാരം മേൽ രണ്ടു തുകകളും

പൊരുത്തപ്പെടേണ്ടതാണെങ്കിലും ആയത് പൊരുത്തപ്പെടുന്നില്ല.

### 1-1-2 അക്രൂവൽ സ്വഭാവമുള്ള ഇനങ്ങളുടെ ജേണൽ എൻട്രി യഥാസമയം നടത്തുന്നില്ല

അക്രൂവൽ അടിസ്ഥാനത്തിൽ എൻട്രി ആവശ്യമായ ഇനങ്ങൾക്ക് യഥാസമയം ഡിമാന്റ് എൻട്രി നടത്തിയിട്ടില്ല.

### 1-1-3 ആവശ്യമായ പ്രൊവിഷനുകൾ രേഖപ്പെടുത്തിയിട്ടില്ല

Sundry Debtors ആയി നികുതി തുകകൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാലൻസ് ഷീറ്റ് ഷെഡ്യൂളിൽ (B-10) ൽ ആവശ്യമായ പ്രൊവിഷനുകൾ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-4 Joint Venture പദ്ധതികൾക്കായി ലഭ്യമായ തുകകൾ ബാങ്ക് അക്കൗണ്ടിൽ വേറിട്ട് കാണാൻ സാധിക്കുന്നില്ല.

Joint Venture പദ്ധതികൾക്കായി ലഭ്യമായ ബ്ലോക്ക് ഷെയർ, ജില്ലാ പഞ്ചായത്ത് ഷെയറുകളിൽ ബാക്കിയുള്ള തുകകൾ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4 ൽ നീക്കിയിരിപ്പായി കാണിച്ചിട്ടുണ്ട്. പ്രസ്തുത തുകകൾ B17 ഷെഡ്യൂൾ പ്രകാരം ബാങ്ക് അക്കൗണ്ടിൽ വേറിട്ട് കാണാൻ സാധിക്കുന്നില്ല.

### 1-1-5 അടിസ്ഥാന അനുപാതികങ്ങളും കുറിപ്പുകളും വാർഷിക കണക്കിൽ ചേർത്തിട്ടില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, ചട്ടം 62(ഇ, എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-6 ആസ്തി രജിസ്റ്റർ കാലികമാക്കി ILGMS മായി ബന്ധിപ്പിച്ചിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കി ILGMS മായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ വാർഷിക ധനകാര്യ പത്രികയിൽ ബാലൻസ് ഷീറ്റിലെ ആസ്തി - ബാധ്യത തുകയുടെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

### 1-1-7 രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല

പഞ്ചായത്ത് പരിപാലിച്ചിരുന്ന കുടിവെള്ള പദ്ധതികളുടെ വെള്ളക്കരം ഇനത്തിൽ 10,64,052 രൂപ ലഭിക്കാനുള്ള കുടിശ്ശികയായി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അരിയർ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ തുകയുടെ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

### 1-1-8 ഇഷ്യൂ ചെയ്ത് മൂന്ന മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ STALE CHEQUE ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല

കാനറ ബാങ്ക്, മൂങ്കിൽമട ശാഖയിലെ 1793101015757 നമ്പർ അക്കൗണ്ടിന്റെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം ഇഷ്യൂ ചെയ്ത് മൂന്ന മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത 1,03,430/- രൂപയുടെ ചെക്ക് [Cheque Issued But Not Presented Into Bank(P)] ഉൾപ്പെടുന്നു.

ചെക്ക് നമ്പർ/തിയ്യതി, തുക

22100897/31.03.2022 – Rs.1,03,430

ആയത് State Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

### 1-1-9 ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു വർഷത്തിന മുകളിലായിട്ടും ചെക്കുകൾ ക്യാഷ് ചെയ്തിട്ടില്ല

കാനറ ബാങ്ക്, എരുത്തേമ്പതി ശാഖയിലെ 1792201000017 നമ്പർ അക്കൗണ്ടിന്റെ ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു വർഷത്തിന മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത 73,000/- രൂപയുടെ ചെക്ക് [Cheque Deposited But Not Cleared] ഉൾപ്പെടുന്നു.

ചെക്ക് നമ്പർ/തിയ്യതി, തുക

2816550/16.03.2022 Rs.73,000

മേൽ ചെക്കുകൾ നിലവിലും ബാങ്കിൽ കളക്ഷൻ ആയിട്ടില്ല.

1-1-10 ആസ്തി ബാധ്യതകൾ ക്രമീകരിച്ചിട്ടില്ല

ഡിമാന്റ് നോട്ടീസ് പ്രകാരം 30.11.2019 വരെ വാട്ടർ അതോറിറ്റിക്ക് നൽകാനുള്ള ബൾക്ക് മീറ്റർ വെള്ളക്കരം കുടിശ്ശിക 5,12,30,121/- രൂപയാണ്. ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്നത് 4,40,42,931/-രൂപയാണ്. ബാധ്യതാ തുക കുറവായി ഉൾപ്പെടുത്തിയതിനാൽ ബാലൻസ് ഷീറ്റ് യഥാർത്ഥ ബാധ്യതകളെ പ്രതിഫലിപ്പിക്കുന്നില്ല.

1-1-11 ഇൻവെസ്റ്റ്മെന്റ് ഉൾപ്പെടുത്തിയിട്ടില്ല

പാലക്കുഴി ജലവൈദ്യുത പദ്ധതിക്കായി ജില്ലാ പഞ്ചായത്തിലേക്ക് നൽകിയ 2,00,000/- രൂപയുടെ ഷെയർ ബാലൻസ് ഷീറ്റിൽ നാളിതുവരെയായി B-12 ഷെഡ്യൂളിൽ ഇൻവെസ്റ്റ്മെന്റായി ഉൾപ്പെടുത്തിയിട്ടില്ല.

1-1-12 ഡിപ്രീസിയേഷന്റെ കൃത്യത ഉറപ്പാക്കാനായിട്ടില്ല

ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കി അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറുമായി ബന്ധിപ്പിക്കാത്തതിനാൽ കൃത്യത ഉറപ്പാക്കാനായിട്ടില്ല.

1-2 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175(1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214(1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതികൾ ബജറ്റിന്റെ ഭാഗമാക്കിയിട്ടുണ്ട്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

22-03-2022 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1/1 പ്രകാരം 2022-23 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

27-02-2023 ലെ തീരുമാനം നം.4/1 പ്രകാരം പരിഷ്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.

ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രാരംഭ ബാക്കി | -72,95,702 |
| തൻവർഷം വരവ് | -23,06,53,000 |
| ആകെ വരവ് | -23,79,48,702 |
| ചെലവ് | -22,60,39,148 |
| നീക്കിയിരിപ്പ് | -1,19,09,554 |

1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | – 13520886 |
| വരവ് | – 28075747 |
| ആകെ | – 41596633 |
| ചെലവ് | – 21650243 |
| നീക്കിയിരിപ്പ് | – 19946390 |

ILGMS മുഖേന തയ്യാറാക്കിയ വാർഷിക കണക്കിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്കാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്. ഗ്രാന്റിനങ്ങളിലെ വരവ്, ചെലവുകൾ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല. മറ്റ് ഫണ്ടുകളുടെ വരവ്, ചെലവ് വിവരം ഖ. 1-4 ൽ ചേർത്തിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് (*) | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ | 0 | 15208382 | 15208382 | 14787647 | 420735 |
| വികസന ഫണ്ട് -എസ്.സി.പി | 0 | 9228818 | 9228818 | 5514747 | 3714071 |
| വികസന ഫണ്ട് -ടി.എസ്.പി | 0 | 1258078 | 1258078 | 671386 | 586692 |
| മെയ്ന്റനൻസ് ഗ്രാന്റ് റോഡ് | 0 | 5688000 | 5688000 | 4544919 | 1143081 |
| മെയ്ന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 7519000 | 7519000 | 4895096 | 2623904 |
| CFC-അൺടൈഡ് ഗ്രാന്റ്-New | 4412200 | 3318615 (*) | 7730815 | 1956841 (**) | 5773974 |
| CFC-അൺടൈഡ് ഗ്രാന്റ്-Spillover | 0 | 638171 | 638171 | 638171 | 0 |
| CFC-ടൈഡ് ഗ്രാന്റ്-New | 159235 | 4595000 | 4754235 | 281912 | 4,472,323 |
| CFC-ടൈഡ് ഗ്രാന്റ്-Spillover | 0 | 2893075 | 2893075 | 2893075 | 0 |
| CFC-Health Grant-Converion Of Rural PHCs -Wellness | 0 | 212998 | 212998 | 0 | 212998 |
| CFC-Health Grant-Diagnostic Infrastru Cture To PHCs | 0 | 354444 | 354444 | 133398 | 221046 |
| Health Grant-Interest | 0 | 12000 | 12000 | 0 | 12000 (***) |

(*) അൺടൈഡ് ഗ്രാന്റിന്റെ യഥാർത്ഥ വരവ് 3063000 രൂപയാണ്. പലിശയിനത്തിൽ ലഭ്യമായ 255615 രൂപ കൂടി ഉൾപ്പെടുത്തിയാണ് വാർഷിക കണക്കിൽ വരവ് ചേർത്തിട്ടുള്ളത്.

(**) I6+B3 പ്രകാരം ചെലവ് 2594434 രൂപയാണ്. ആയതിൽ ഉൾപ്പെട്ട സ്പിൽഓവർ തുകയായ 637593 രൂപ വേറിട്ട് കാണിച്ചിട്ടുണ്ട്.

(***) Health Grant പലിശ വേറിട്ടാണ് ബാലൻസ് ഷീറ്റിലെ B4 പത്രികയിൽ കാണിച്ചിട്ടുള്ളത്.

കേന്ദ്രാവിഷ്കൃതം

എ)

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സ് ആയ തുക |
|---|---|---|---|---|---|
| ICDS കേന്ദ്രവിഹിതം | 223337 | 1176786 | 1400123 | 805822 | 594301 |
| സമ്പൂർണ്ണ ശുചിത്വം | 2324890 | 0 | 2324890 | 0 | 2,324,890 |

ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 11 | 1194727 | 1194738 | 1192796 | 1942 |
| തൊഴിലാളികളുടെ വേതനം | 0 | 31100439 | 31100439 | 31100439 | 0 |
| ആകെ | 11 | 32295166 | 32295177 | 32293235 | 1942 |

സംസ്ഥാനാവിഷ്കൃതം

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ലൈഫ് മിഷൻ | 820000 | 0 | 820000 | 0 | 820000 |
| ശുചിത്വ മിഷൻ | 2822242 | 0 | 2822242 | 222004 | 2600238 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 164 | 109472991 | 129 | 39411676 | - | 35 | 79 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകളുടേയും നടപ്പാക്കിയ പ്രോജക്ടുകളുടേയും വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 5 | 4062481 | 1121025 | 28 |
| വെറ്ററിനറി സർജ്ജൻ | 5 | 5 | 1940000 | 1530000 | 79 |
| മെഡിക്കൽ ഓഫീസർ-PHC | 14 | 14 | 2986525 | 1922997 | 64 |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 500000 | 500000 | 100 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ-Homoeo | 1 | 1 | 200000 | 200000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 12 | 10 | 7555869 | 4145679 | 55 |
| വി.ഇ.ഒ | 16 | 12 | 43024515 | 5987900 | 14 |
| HM, GLMS | 4 | 4 | 1586622 | 1060212 | 67 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 2040000 | 735966 | 36 |
| സെക്രട്ടറി | 34 | 27 | 14800968 | 7853034 | 53 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 68 | 48 | 30776011 | 14354863 | 47 |
| ആകെ | 164 | 129 | 109472991 | 39411676 | 36 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 11 | 1194727 | 1194738 | 1192796 | 1942 |
| തൊഴിലാളികളുടെ വേതനം | 0 | 31100439 | 31100439 | 31100439 | 0 |
| ആകെ | 11 | 32295166 | 32295177 | 32293235 | 1942 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ക്ഷേമ പദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1 | തൊഴിൽരഹിത വേതനം | 0 | 0 |
| 2 | കർഷക തൊഴിലാളി പെൻഷൻ | 1338400 | 118 |
| 3 | വിധവാ പെൻഷൻ | 12082800 | 1160 |
| 4 | വാർദ്ധക്യകാല പെൻഷൻ | 19573000 | 1820 |
| 5 | വികലാംഗ പെൻഷൻ | 2114000 | 196 |
| 6 | 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 188800 | 17 |
| 7 | സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 60,000 | 02 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.10.2023 തീയ്യതിയിൽ 12pm സമയത്ത് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. 4430/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം വിവിധ സെക്ഷനുകൾക്ക് ഉത്തരവാദിത്തങ്ങൾ നിർണ്ണയിച്ച നൽകിയിട്ടുണ്ട്.

നികുതി, നികുതിയേതര വരുമാനം പൊതുവെ കുറവുള്ള പഞ്ചായത്തിൽ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള

കാര്യക്ഷമമായ ഇടപെടൽ ഉണ്ടായതായി കാണുന്നില്ല.

ജല അതോറിറ്റിക്ക് നൽകുവാനുള്ള അഞ്ച് കോടിയിൽ അധികമുള്ള കുടിശ്ശിക തീർപ്പാക്കുന്നതിനുള്ള ഇടപെടൽ അധികാരികളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല.

ബജറ്റ് പ്രക്രിയ കാര്യക്ഷമമാക്കി വിവിധ ഇനങ്ങളിലുള്ള വരവുകൾ വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടില്ല.

തൊഴിൽ നികുതി, ലൈസൻസ് ഇനങ്ങളിൽ ഉണ്ടാകുന്ന നഷ്ടം ഇല്ലാതാക്കുവാൻ ഡാറ്റാബേസ് തയ്യാറാക്കുന്നതിനുള്ള ശ്രമം ഉണ്ടായിട്ടില്ല.

മുൻകാലങ്ങളിൽ പരിപാലിച്ചിരുന്ന കുടിവെള്ള പദ്ധതികളുടെ വെള്ളക്കരം കുടിശ്ശികയുടെ കണക്ക് കൃത്യമല്ലാതിരുന്നിട്ടും ആയത് കൃത്യമായി പരിപാലിക്കുന്നുണ്ടെന്ന് ഉന്നതാധികാരികൾ ഉറപ്പാക്കിയിട്ടില്ല.

തെരുവു വിളക്കുകളുടെ കണക്ക് കാലികമാക്കി സൂക്ഷിക്കാതെയാണ് പരിപാലനം നടത്തുന്നത്.

ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുള്ള ഗ്രാമപഞ്ചായത്തിന് ആയത് നിലനിർത്തുവാൻ ആവശ്യമായ തുടർനടപടികൾ ഉണ്ടാകേണ്ടതുണ്ട്.

2022-23 വർഷം മുതൽ ILGMS സംവിധാനത്തിലൂടെ ഫയലുകൾ കൈകാര്യം ചെയ്യുവാൻ ആരംഭിച്ചിട്ടുണ്ട്. സെക്ഷനുകൾ വിവിധ ജോലികൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നുണ്ടെന്ന് നിരീക്ഷിക്കുവാൻ ഉന്നതാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

28-12-2019 മുതൽ 09-1-2020 വരെ നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റിൽ 2017-18 വർഷത്തെ കണക്കുകൾ പരിശോധിച്ചിട്ടുള്ളത്. പരാമർശങ്ങൾ തീർപ്പാക്കുവാനില്ല.

പെർഫോമൻസ് ഓഡിറ്റ് 12/22 വരെയുള്ള കണക്കുകൾ പരിശോധിച്ചിട്ടുണ്ട്. തുടർന്ന് പെർഫോമൻസ് ഓഡിറ്റ് നടന്നിട്ടില്ല.

## 1-11 ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം വിലയിരുത്തൽ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 162(എ)(എ)(i) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ധനകാര്യം, നികുതി, അക്കൗണ്ടുകൾ, ഓഡിറ്റ്, ബഡ്ജറ്റ്, പൊതുഭരണം, നികുതി സംബന്ധമായ അപ്പീൽ, മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകിയിട്ടില്ലാത്ത കാര്യങ്ങൾ എന്നീ വിഷയങ്ങൾ കൈകാര്യം ചെയ്യേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ്.

പുതിയ തനത് വരുമാന മേഖലകൾ നിർദ്ദേശിക്കുന്നതിലും നിശ്ചിത സമയ പരിധിക്കുള്ളിൽ ആയത് സമാഹരിക്കുന്നതിലും വിവിധയിനം നികുതി/നികുതിയേതര വരവുകളുടെ ഡിമാന്റ്-പിരിവ് പുരോഗതി അവലോകനം നടത്തുന്നതിനും മുൻവർഷങ്ങളിലെയും തൻവർഷത്തേയും വരവിനങ്ങൾ സാമ്പത്തിക വർഷാവസാനം പിരിച്ചെടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിലും ഉള്ള ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിരീക്ഷണങ്ങളും താഴെ ചേർക്കുന്നു.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ യോഗം

2000 ലെ കേരള പഞ്ചായത്ത്‌രാജ്(സ്റ്റാന്റിംഗ് കമ്മിറ്റി) ചട്ടങ്ങൾ പ്രകാരം സ്റ്റാന്റിംഗ് കമ്മിറ്റികൾ മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്. എരുത്തേമ്പതി ഗ്രാമപഞ്ചായത്തിലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി എല്ലാ മാസവും യോഗം ചേർന്നിട്ടുണ്ട്. ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ അംഗീകരിക്കൽ, പൊളിച്ച മാറ്റിയ കെട്ടിടങ്ങൾക്ക് നികുതി ഒഴിവ് നൽകുക, ഡെപ്പോസിറ്റ് തുകകൾ തിരികെ നൽകുക, നികുതി നികുതിയേതര വിഭവങ്ങളുടെ പിരിവ് പുരോഗതി വിലയിരുത്തുക എന്നീ തീരുമാനങ്ങൾ മാത്രമാണ് എടുത്തിട്ടുള്ളത്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൽ സൂചിപ്പിച്ചിട്ടുള്ള പഞ്ചായത്ത് ഫണ്ടിന്റെ പ്രധാന ഘടകങ്ങളായ നികുതികൾ, നികുതിയേതര വരവുകൾ വർദ്ധിപ്പിക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ്

കമ്മിറ്റിയുടെ ഭാഗത്തുനിന്നും കാര്യക്ഷമമായ ഇടപെടൽ ഉണ്ടായിട്ടുണ്ടോ എന്ന് വിലയിരുത്തുവാനായി 2021-22, 2022-2023 വർഷത്തെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിക്കുകയുണ്ടായി.

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ബജറ്റും

കഴിഞ്ഞ മൂന്ന് വർഷത്തെ ബജറ്റ് രേഖകൾ പ്രകാരം പുതിയ നികുതി, നികുതിയേതര ഇനങ്ങൾ ഒന്നുംതന്നെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർദ്ദേശിച്ചിട്ടില്ലെന്ന് ബോധ്യപ്പെട്ടു.

- കെട്ടിട നിർമ്മാണ പെർമിറ്റ്, യൂസർ ഫീസ് മുതലായ നികുതിയേതര വരുമാനമാർഗ്ഗങ്ങളെക്കുറിച്ചുള്ള ചർച്ചകളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഉണ്ടായിട്ടില്ല.

പരിമിതമായ ഇനങ്ങളിൽ നിന്നുള്ള വരുമാനം മാത്രമാണ് ഗ്രമപഞ്ചായത്തിന് വർഷങ്ങളായി ലഭിച്ചു വരുന്നത്. കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ പ്രധാന ബജറ്റ് നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | 2020-21 | 2021-22 | 2022-23 |
|---|---|---|---|---|
| എ) നികുതി | | | | |
| 1 | വസ്തു നികുതി | 29,00,000 | 30,00,000 | 32,00,000 |
| 2 | തൊഴിൽ നികുതി | 15,00,000 | 15,00,000 | 16,00,000 |
| 3 | സേവന നികുതി | 1,50,000 | 1,60,000 | 1,60,000 |
| 4 | പരസ്യ നികുതി | 25,000 | 25,000 | 25,000 |
| ബി) നികുതിയേതരം | | | | |
| 5 | രജിസ്ട്രേഷൻ ഫീസ് | 20,000 | 25,000 | 40,000 |
| 6 | ലൈസൻസ് ഫീസ് | 2,50,000 | 3,00,000 | 3,50,000 |
| 7 | പെർമിറ്റ് ഫീസ് | 2,25,000 | 2,50,000 | 3,00,000 |
| 8 | സർട്ടിഫിക്കറ്റ്/ എക്സ്ട്രാക്റ്റ് ഫീസ് | 50,000 | 50,000 | 50,000 |
| 9 | ഫൈൻ | 3,00,000 | 3,50,000 | 3,50,000 |
| 10 | മറ്റ് ഫീസുകൾ | 2,00,000 | 2,50,000 | 2,50,000 |
| 11 | യൂസർ ചാർജ്ജസ് | 10,00,000 | 8,00,000 | 8,00,000 |
| 12 | ഉൽപ്പന്നങ്ങൾ/ വസ്തുക്കൾ/ഫാറങ്ങൾ എന്നിവയുടെ വിൽപ്പന | 4,35,000 | 5,35,000 | 6,20,000 |

കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ നികുതി, നികുതിയേതര വർദ്ധനവിനായി പുതിയ നിർദ്ദേശങ്ങളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നിന്നും ഉയർന്നു വന്നിട്ടില്ല. ബജറ്റിൽ മൂന്ന് വർഷങ്ങളിൽ ഒരേ ഇനങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. ജി.എസ്.ടി നിലവിൽ വന്നതിനുശേഷം പരസ്യനികുതി ഈടാക്കുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തുകളിൽ നിന്നും മാറ്റിയിട്ടുണ്ടെങ്കിലും ബജറ്റിൽ പരസ്യനികുതി പ്രതീക്ഷിത വരവ് ഭാഗത്തുനിന്നും മാറ്റുവാൻ ശ്രദ്ധിച്ചിട്ടില്ല.

ബജറ്റും യഥാർത്ഥ വരവും തമ്മിലുള്ള അന്തരം

ഏതൊരു സ്ഥാപനത്തിന്റെയും കാര്യക്ഷമമായ പ്രവർത്തനത്തിനാവശ്യമായ മുഖ്യ ഘടകങ്ങൾ ഓരോ വർഷവും ആവിഷ്ക്കരിക്കുന്ന ബജറ്റും അതിന്റെ നിയന്ത്രണവുമാണ്. ബജറ്റ് പ്രക്രിയയിൽ വരവ്, ചെലവിനങ്ങളുടെ പ്രതീക്ഷിത തുക കണ്ടെത്തുവാനായി ശാസ്ത്രീയമായ വിലയിരുത്തൽ നടത്തിയതായി കാണുന്നില്ല. ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങളും കണക്കിലെടുത്തിട്ടില്ല. 2022-23 വർഷത്തെ ഏതാനും ഇനങ്ങളുടെ ബജറ്റ് പ്രകാരമുള്ള വരവും യഥാർത്ഥ വരവും താരതമ്യം ചെയ്തതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രധാന വരവുകൾ | 2022-2023 വർഷത്തെ ബജറ്റ് പ്രകാരമുള്ള വരവ് (₹) | 2022-2023 വർഷത്തെ യഥാർത്ഥ വരവ്(₹) |
|---|---|---|

| | | |
|---|---|---|
| വസ്തു നികുതി | 32,00,000 | 21,56,436 |
| തൊഴിൽ നികുതി | 16,00,000 | 10,91,419 |
| നികുതിയേതര വരവുകൾ | 34,35,000 | 11,15,220 |

നികുതിയേതര വരവുകളിലെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും തമ്മിൽ അന്തരം നിലനിൽക്കുന്നുണ്ട്. ക്രിയാത്മക ചർച്ചയിലൂടെയാണ് വിവിധയിനം വരവുകളും ചെലവുകളും ബജറ്റിൽ ഉൾപ്പെടുത്തുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്. യാഥാർത്ഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കാര്യക്ഷമമായ ഇടപെടൽ ഉണ്ടാകേണ്ടതാണെന്ന് വിലയിരുത്തുന്നു.

2023 ലെ വസ്തു നികുതി പരിഷ്കരണം പൂർത്തീകരിച്ചില്ല

വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനായി സർക്കാർ താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. സഞ്ചയയിൽ 5% അടിസ്ഥാന നികുതി വർദ്ധനവ് വരുത്തിയിട്ടുണ്ടെങ്കിലും പുതിയ കെട്ടിടങ്ങളുടെ നികുതി പരിഷ്കരിക്കുന്നതിനുള്ള ഡാറ്റാ കളക്ഷൻ പൂർത്തീകരിച്ചിട്ടില്ല.

അവലോകന യോഗങ്ങൾ

ആറാം ധനകാര്യ കമ്മീഷൻ ശുപാർശകളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച സ.ഉ(കൈ)നം.117/2022/LSGD തിയതി 1-6-2022 പ്രകാരം നികുതി വരുമാനത്തിന്റെ ഡി.സി.ബി തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്നും നികുതി, നികുതിയേതര വരവിന്റെ അവലോകനം ഗ്രാമസഭകളിൽ നടത്തേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. നികുതി/നികുതിയേതര വരവുകളുടെ ഡിമാന്റിംഗ്, പിരിവ് പുരോഗതി വിലയിരുത്തുന്നതിനുള്ള അവലോകനങ്ങൾ കാര്യക്ഷമമായി നടന്നിട്ടില്ലെന്ന് സ്റ്റാന്റിംഗ് കമ്മിറ്റി, ഭരണസമിതി, ഗ്രാമസഭാ മിനിട്സുകൾ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു.

ഓഡിറ്റിന്റെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും

1) സാമ്പത്തിക നിയന്ത്രണത്തിന്റെ മുഖ്യ ഇനമാണ് ബജറ്റ് പ്രക്രിയ എന്നതിനാൽ ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് ബജറ്റ് നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ്.

2) തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി വരുമാന മാർഗ്ഗങ്ങൾ കണ്ടെത്താൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമാക്കേണ്ടതാണ്.

മേൽ പരാമർശങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ അഭിപ്രായം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 08/12.10.2023 നുള്ള മറുപടിയിൽ ബജറ്റ് മാന്വലിലെ നിർദ്ദേശങ്ങൾ കണക്കിലെടുത്ത് ബജറ്റ് നടപടികൾ കാര്യക്ഷമമാക്കുന്നതാണെന്നും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി വരുമാന മാർഗ്ഗങ്ങൾ കണ്ടെത്താൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ കാര്യക്ഷമമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-12 വസ്തു നികുതി പരിഷ്കരണം 2023-അവലോകനം

2011 ലെ കേരള പഞ്ചായത്ത്‌രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരവും 2013 ലെ ഭേദഗതി ചട്ടങ്ങളും വിവിധ ഘട്ടങ്ങളിൽ പുറപ്പെടുവിച്ച വിജ്ഞാപനങ്ങളും ഉത്തരവുകളും പ്രകാരമുള്ള വസ്തു നികുതി, നിലവിൽ സഞ്ചയ സോഫ്റ്റ്‌വെയറിന്റെ സഹായത്തോടെയാണ് നിർണ്ണയിക്കുന്നത്. വസ്തു നികുതി ഡാറ്റയുടെ കൃത്യതയും 2023 ൽ വസ്തു നികുതി പുതുക്കി നിശ്ചയിച്ചതിന്റെ കാര്യക്ഷമതയും വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

I) 2023 ലെ വസ്തു നികുതി പരിഷ്കരണ നടപടികളുടെ പുരോഗതി വിലയിരുത്തൽ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203, 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(5) എന്നിവ അനുസരിച്ച് 5

വർഷത്തിലൊരിക്കൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ്. സെക്ഷൻ 203 പ്രകാരം 25% വർദ്ധനവ് വരുത്തിക്കൊണ്ടാണ് വസ്തുനികുതി പരിഷ്കരണം നടത്തേണ്ടതെങ്കിലും ഈ വ്യവസ്ഥയിൽ ഇളവ് വരുത്തി വർഷം തോറും 5% എന്ന തോതിൽ 01-04-2023 തീയതി പ്രാബല്യത്തിൽ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രധാന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. സ.ഉ(കൈ)നം.77/2023/LSGD തിയതി 22-3-2023 – വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

2. സ.ഉ(അച്ചടി)നം.25/2023/LSGD തിയതി 5-4-2023 (എസ്.ആർ.ഒ നം.479/2023/ 10-4-2023) – കുറഞ്ഞതും കൂടിയതുമായ വസ്തു നികുതി നിരക്കിന്റെ വിജ്ഞാപനം

2023 ലെ വസ്തുനികുതി പരിഷ്കരണം - പ്രധാന നിർദ്ദേശങ്ങളും അവ നടപ്പാക്കിയതിന്റെ വിവരവും

എ) വസ്തു നികുതിയിൽ 5% വർദ്ധനവ് വരുത്തൽ

എല്ലാ കെട്ടിടങ്ങളുടെയും 2022-23 വർഷം വരെ നിർണ്ണയിച്ചിട്ടുള്ള വസ്തു നികുതിയോടൊപ്പം അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തേണ്ടതാണ്.

എല്ലാ കെട്ടിടങ്ങളുടെയും വസ്തു നികുതിയിൽ 5% വർദ്ധനവ് വരുന്ന രീതിയിൽ സഞ്ചയ ഡാറ്റ ഐ.കെ.എം ക്രമീകരിച്ചിട്ടുണ്ട്.

ബി) കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങൾ അറിയിക്കൽ

മുൻകാലയളവുകളിൽ കെട്ടിടത്തിൽ വരുത്തിയ മാറ്റങ്ങളുടെ വിവരം ഗ്രാമപഞ്ചായത്തിനെ അറിയിക്കാത്തവർക്ക് വിവരം ഫോറം 9 ബി പ്രകാരം അറിയിക്കാവുന്നതാണ്.

സമയപരിധി - 15-05-2023

ഫോറം 9B യിൽ നാളിതുവരെ 3 പേർ മാത്രമാണ് കെട്ടിടത്തിന്റെ മാറ്റങ്ങളുടെ വിവരം അറിയിച്ചിട്ടുള്ളത്.

സി) കെട്ടിടത്തിന്റെ ഫീൽഡ് പരിശോധന

ഫീൽഡ് പരിശോധന നടത്തി കെട്ടിടങ്ങളുടെ വിവരം സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതിന് 30-06-2023 വരെ സമയം അനുവദിച്ചിരുന്നു.

ഫീൽഡ് പരിശോധന നാളിതുവരെ ആരംഭിച്ചിട്ടില്ല.

ഡി) വിവരശേഖരണം, ഡാറ്റാ എൻട്രി എന്നിവയ്ക്കായി നിശ്ചിത യോഗ്യത യുള്ളവരെ നിയമിക്കാവുന്നതും ഒരു വീടിന് 30 രൂപ നിരക്ക് അനുവദിക്കാവുന്നതുമാണ്.

ഇന്റർവ്യൂ നടത്തി ഒരാളെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

ഇ) വസ്തു നികുതിയുടെ പുതുക്കിയ നിരക്കിന്റെ വിജ്ഞാപനം

5% വർദ്ധനവ് വരുത്തിയതല്ലാതെ കെട്ടിടങ്ങളുടെ അടിസ്ഥാന വിവരം ശേഖരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ആയതിനാൽ വസ്തു നികുതി പുനർ നിർണ്ണയവുമായി ബന്ധപ്പെട്ട മറ്റ് നടപടികളിലേക്ക് കടക്കുവാൻ കഴിയാത്ത സ്ഥിതിയാണ് നിലവിലുള്ളത്.

ഉത്തരവുകൾ കണക്കിലെടുത്ത് 04/05/2023 തീയതിയിലെ എസ് സി3-111/2023 നം. ഉത്തരവ് പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

പൊതു ജനങ്ങൾക്ക് ആക്ഷേപം ഉണ്ടെങ്കിൽ അറിയിക്കുന്നതിനായി ഒരു മാസം സമയം നൽകിയിരുന്നുവെങ്കിലും പരാതിയൊന്നും ഇല്ലാത്തതിനാൽ കരട് വിജ്ഞാപനം അംഗീകരിക്കുകയും 11/08/2023 തീയതിയിലെ എസ് സി3-111/2023 നം. ഉത്തരവ് പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ച് വില്ലേജ് ഓഫീസിലും പത്രങ്ങളിലും പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.
അന്തിമ വിജ്ഞാപനം അനുസരിച്ചുള്ള നിരക്ക് സഞ്ചയയിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്.

എഫ്) വസ്തു നികുതി നിരക്കും മേഖലകളും റോഡുകളുടെ തരംതിരിവും

പുതിയതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും ഗ്രാമപഞ്ചായത്തിന് പുതുക്കി നിശ്ചയിക്കാവുന്നതാണ്.

വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് പ്രാഥമിക മേഖല, ദ്വിതീയ മേഖല, തൃതീയ മേഖല എന്നിവ പുതുക്കി നിശ്ചയിച്ചിട്ടില്ല.

ജി) നികുതി ഇളവ് നൽകിയ കെട്ടിടങ്ങളുടെ പരിശോധന

അനധികൃത ഇളവുകൾ നൽകിയതായി കാണുന്നില്ല.

എച്ച്) വിജ്ഞാപനങ്ങൾ പ്രകാരമുള്ള നിരക്ക് സഞ്ചയയിൽ ഉൾപ്പെടുത്തൽ

എസ്.ആർ.ഒ നം. 100/2015 (സ.ഉ(അ) നം.36/2015/തസ്വഭവ തിയതി 24-02-2015), സ.ഉ(അ)നം.53/2020/തസ്വഭവ തിയതി 8-9-2020 എന്നീ ഉത്തരവുകൾ പ്രകാരമുള്ള നിരക്കുകൾ നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഐ) അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനുള്ള പുരോഗതി

യു.എ രജിസ്റ്റർ പ്രകാരം 101 കെട്ടിടങ്ങളാണുള്ളത്. സഞ്ചയ ഡാറ്റ പ്രകാരം 47 കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകി മൂന്നിരട്ടി ഫീസ് ഈടാക്കി വരുന്നുണ്ട്. കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നതിനുള്ള അപേക്ഷ ഗ്രാമപഞ്ചായത്തിൽ ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കിയിട്ടില്ല.

ജെ) മൊബൈൽ ടവറുകളുടെ വസ്തു നികുതി പിരിവിലെ കാര്യക്ഷമത

ഗ്രാമപഞ്ചായത്ത് പരിധിയിൽ 8 മൊബൈൽ ടവറുകളാണ് പ്രവർത്തിക്കുന്നത്. ച.മീറ്ററിന് 500 രൂപ നിരക്കാണ് വസ്തു നികുതിയായി നിശ്ചയിച്ചിട്ടുള്ളത്. വസ്തു നികുതി കുടിശ്ശിക ഇല്ല.

കെ) വസ്തു നികുതി വരവ് തുകയുടെ കൃത്യത

ILGMS സംവിധാനത്തിൽ രേഖപ്പെടുത്തുന്ന വസ്തു നികുതി വരവ് ഓൺലൈൻ ആയി സഞ്ചയ ഡാറ്റാബേസിൽ അതേ സമയം തന്നെ രേഖപ്പെടുത്തുന്നതാണ്. എന്നാൽ സങ്കേതിക കാരണങ്ങളാൽ ഇന്ററപ്റ്റഡ് രസീതി മുഖേനയും ഔട്ട്ഡോർ കളക്ഷനിലൂടെയും വസ്തു നികുതി പിരിക്കുമ്പോൾ ILGMS ൽ വരവ് വെക്കുന്ന തുക പിന്നീട് സഞ്ചയയിൽ ഓരോ കെട്ടിടത്തിനുനേർക്കും വരവ് രേഖപ്പെടുത്തേണ്ടതുണ്ട്. ഇത്തരത്തിൽ സഞ്ചയയിൽ വരവ് രേഖപ്പെടുത്തുന്നതിൽ വീഴ്ച വരുത്തിയാൽ സഞ്ചയയിലേയും ILGMS ലേയും വരവ് വ്യത്യാസപ്പെടുന്നതാണ്. ഓൺലൈൻ ആയി ഒടുക്കുന്ന നികുതി സഞ്ചയയിലും ILGMS ലും വരവു വെക്കപ്പെടുമെങ്കിലും ബാങ്കിൽ തുക ക്രെഡിറ്റ് ആകുന്നതിൽ സാങ്കേതികമായ കാലതാമസം ഉണ്ടാകുന്നുണ്ട്. ഓൺലൈൻ ആയി ഒടുക്കിയ തുക ബാങ്കിൽ വരവു വയ്ക്കപ്പെടുന്നുണ്ടെന്ന് നിശ്ചിത ഇടവേളകളിൽ നിരീക്ഷിക്കാതിരുന്നാൽ നഷ്ട സാധ്യത ഉണ്ടാകുന്നതാണ്.

എം) ILGMSൽ ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയ (വസ്തു നികുതി) യിൽ ക്യാൻസൽ ചെയ്യപ്പെടാതിരിക്കൽ

ILGMS ൽ ലഭ്യമായ 01.04.2022 മുതൽ 31.03.2023 വരെയുള്ള രസീതികളുടെ ക്യാൻസിലേഷൻ റിപ്പോർട്ട് പ്രകാരം 24 രസീതികൾ ക്യാൻസൽ ചെയ്തിട്ടുണ്ട്. ILGMS ൽ ക്യാൻസൽ ചെയ്ത ഏതാനും രസീതികളിലെ തുകകൾ സഞ്ചയയിലെ ഡാറ്റയുമായി പൊരുത്തപ്പെടുത്തി പരിശോധിച്ചപ്പോൾ ക്യാൻസൽഡ് രസീതികളുടെ നമ്പരും തുകയും നിലനിൽക്കുന്നതായി ബോധ്യപ്പെട്ടു. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | രസീതി നം. | തിയതി | തുക |
|---|---|---|---|
| 1 | 1220200693 | 30.03.2023 | 1140 |
| 2 | 1220200712 | 30.03.2023 | 1070 |

| | | | |
|---|---|---|---|
| 3 | 1230200210 | 09.05.2023 | 13028 |
| 4 | 1230200211 | 09.05.2023 | 12485 |

(പ്രിന്റർ ഫാൾട്ട് എന്ന് നൽകുന്ന രസീതികൾക്ക് അതേ നമ്പറിൽ വീണ്ടും രസീതി നൽകുവാൻ സാധിക്കുമെന്ന് അക്കൗണ്ടന്റ് അറിയിച്ചു).

ഓഡിറ്റ് നിർദ്ദേശങ്ങൾ

- വസ്തു നികുതി പരിഷ്കരണ നടപടികളുടെ ഭാഗമായുള്ള ഫീൽഡ് വിസിറ്റ് ആരംഭിച്ച് ഫോറം 9ബി ഡാറ്റാ എൻട്രി നടത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.
- ഓൺലൈൻ ആയി ഒടുക്കുന്ന വസ്തു നികുതി അക്കൗണ്ടിൽ വരുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
- ILGMSൽ ക്യാൻസൽ ചെയ്ത രസീതികൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ക്യാൻസൽ ചെയ്യപ്പെടുന്നുണ്ടെന്ന് പരിശോധിക്കേണ്ടതാണ്.

സേവന നികുതി, കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾക്ക് സർവ്വീസ് ചാർജ്ജ് എന്നിവ ചുമത്തൽ

II) സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26, 27, 28 എന്നിവയിലാണ് സേവന ഉപനികുതിയെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത്. ഒരു പഞ്ചായത്ത് പ്രദേശത്തെ സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടില്ലാത്ത ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവ് വിളക്കുകൾ, ഡ്രൈനേജ് എന്നിവയുള്ള സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. സേവനങ്ങൾ ലഭ്യമാക്കാത്ത കെട്ടിടങ്ങളെ സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കാവുന്നതാണ്. ചട്ടം 27 പ്രകാരം വസ്തു നികുതിയിന്മേൽ താഴെ പറയുന്ന നിരക്കുകളിൽ കുറയാതെ സേവന ഉപനികുതി ഈടാക്കാവുന്നതാണ്.

1. ശുചിത്വ പരിപാലനം - 4%
2. ജല വിതരണം - 3%
3. തെരുവ് വിളക്കുകൾ - 2%
4. ഡ്രൈനേജ് - 1%

വസ്തു നികുതി നിർണ്ണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നീ നടപടിക്രമങ്ങൾ ആവശ്യമായ ഭേദഗതികളോടെ സേവന ഉപനികുതിയുടെ നിർണ്ണയം, ചുമത്തൽ, പിരിച്ചെടുക്കൽ എന്നിവയ്ക്കും ബാധകമാണെന്ന് ചട്ടം 28 ൽ വ്യക്തമാക്കിയിട്ടുണ്ട്.

വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനായി പുറപ്പെടുവിച്ച സ.ഉ(കൈ)നം.77/2023/LSGD തിയതി 22-3-2023 പ്രകാരമുള്ള മാർഗ്ഗരേഖയിൽ നിലവിൽ സേവന ഉപനികുതി ചുമത്താത്ത ഗ്രാമപഞ്ചായത്തുകൾക്ക് സേവന ഉപനികുതി ചുമത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എരുത്തേമ്പതി ഗ്രാമപഞ്ചായത്ത് ജല വിതരണം, തെരുവ് വിളക്കുകൾ എന്നീ സേവനങ്ങൾക്ക് നിലവിൽ സേവന ഉപനികുതി ചുമത്തുന്നുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ഖരമാലിന്യങ്ങൾ ശേഖരിക്കുകയും കയ്യൊഴിക്കുകയും ചെയ്യുക എന്ന അനിവാര്യ ചുമതല നിർവ്വഹിക്കുവാൻ പ്രയാസം അനുഭവിക്കുന്ന ഗ്രാമപഞ്ചായത്തിന് സേവന ഉപനികുതി ചുമത്തുവാൻ അനുവദിക്കപ്പെട്ടിട്ടുള്ള മറ്റ് മേഖലകളിൽ കൂടി നിശ്ചിത നിരക്കിൽ സേവന ഉപനികുതി ഏർപ്പെടുത്തിയാൽ ആ മേഖലകളിലെ സേവനം മെച്ചപ്പെടുത്തുവാനുള്ള അവസരം ലഭിക്കുന്നതാണ് എന്ന തിരിച്ചറിവോടെ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

III) കേന്ദ്ര സർക്കാരിന്റെ കെട്ടിടങ്ങളുടെ വസ്തു നികുതിയും സർവ്വീസ് ചാർജ്ജും

2011 ലെ കേരള പഞ്ചായത്ത്(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 30 പ്രകാരം കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ സംഗതിയിൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളതുമായ കെട്ടിടങ്ങളുടെ കാര്യത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകൾ, ഡ്രൈനേജ് എന്നീ സേവനങ്ങൾക്കായി നിശ്ചിത നിരക്കിൽ സർവ്വീസ് ചാർജ്ജ് ഈടാക്കാവുന്നതാണ്.

മേൽ പരാമർശങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ അഭിപ്രായം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 09/12.10.2023 നുള്ള മറുപടിയിൽ വസ്തു നികുതി നിർണ്ണയവും പിരിവും കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട്.

## 1-12-1 വസ്തുനികുതി ക്രമപ്രകാരം ഈടാക്കേണ്ടതാണ്

വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നിവയ്ക്ക് ചതുരശ്ര മീറ്ററിന് 35 രൂപയും 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ളവയ്ക്ക് ചതുരശ്ര മീറ്ററിന് 55 രൂപയുമാണ് ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക്. എന്നാൽ 100 ച. മീറ്ററിൽ കുറവ് തറവിസ്തീർണ്ണമുള്ള ചുവടെ ചേർത്തിട്ടുള്ള കെട്ടിടങ്ങൾക്ക് 100 ചതുരശ്ര മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ വസ്തു നികുതിയാണ് ഈടാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | വിസ്തീർണ്ണം (ച.മീ) | കെട്ടിടത്തിന്റെ കാലപ്പഴക്കം (വർഷം) | നിർണ്ണയിച്ച വസ്തു നികുതി | നിർണ്ണയിക്കേണ്ട വസ്തുനികുതി |
|---|---|---|---|---|
| 9/590 | 74.27 | 1 | 5148 | 74.27*35 = 2599.45<br>വർദ്ധനവ് 20% (വഴിസൗകര്യം) - 519.89<br>ഇളവ് - ഇല്ല<br>വസ്തുനികുതി - 3119 |
| 10/557 | 11 | 1 | 636 | 11*35 = 385<br>വർദ്ധനവ് - ഇല്ല<br>ഇളവ് - ഇല്ല<br>വസ്തുനികുതി - 385 |

സ.ഉ(എം.എസ്)നം.144/15/ത.സ്വ.ഭ.വ തീയതി 27-4-2015 പ്രകാരം തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വാണിജ്യ, വ്യവസായ കെട്ടിടങ്ങളുടെ വസ്തു നികുതി ആദ്യമായി നിശ്ചയിക്കുമ്പോൾ നികുതി വർദ്ധനവ് ഉണ്ടാകുന്നുണ്ടെങ്കിൽ അപ്രകാരമുള്ള വർദ്ധനവ് 100% ൽ കൂടാതെ നികുതി നിർണ്ണയിക്കേണ്ടതാണ്. പുതിയ നിർമ്മാണത്തിന് ആനുപാതിക വർദ്ധനവ് വരുത്തി അധികമായി നികുതി ചുമത്തേണ്ടതാണ്. മേൽ കെട്ടിടങ്ങൾ പുതിയതായി നിർമ്മിക്കപ്പെട്ടതിനാൽ ചട്ടപ്രകാരമുള്ള നിരക്കാണ് ബാധകമായിട്ടുള്ളത്.

ഓഡിറ്റ് അന്വേഷണം നം. 10/12.10.2023 നുള്ള മറുപടിയിൽ പ്രസ്തുത കെട്ടിടങ്ങളെ സഞ്ചയ സോഫ്റ്റ്‌വെയറിൽ 100 ച.മീറ്ററിൽ കുറവ് തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങളുടെ ഗണത്തിലുൾപ്പെടുത്തുന്നതാണെന്നും അതിന് ബാധകമായ വസ്തുനികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-12-2 അനധികൃത കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിലെ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്

അനധികൃത നിർമ്മാണങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ നിലനിൽക്കുന്നു.

ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള അനധികൃത നിർമ്മാണങ്ങൾ സംബന്ധിക്കുന്ന രജിസ്റ്ററിൽ 101 കെട്ടിടങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ആയതിൽ 47 കെട്ടിടങ്ങൾക്ക് മാത്രമാണ് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. ബാക്കി കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് ചെയ്യപ്പെട്ടിട്ടില്ല. മുഴുവൻ അനധികൃത കെട്ടിടങ്ങളുടേയും വസ്തുനികുതി സഞ്ചയ സോഫ്റ്റ്‌വെയറിൽ നിർണ്ണയിച്ച് ഡിമാന്റ് ചെയ്യേണ്ടതും രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതുമാണ്.

1. അനധികൃത നിർമ്മാണങ്ങളുടെ രജിസ്റ്ററിൽ കെട്ടിടത്തിന്റെ വിസ്തീർണ്ണം, നിയമ ലംഘനത്തിന്റെ സ്വഭാവം എന്നിവ രേഖപ്പെടുത്തിയിട്ടില്ല.
2. രജിസ്റ്ററിൽ കെട്ടിട നമ്പറിനൊപ്പം UA എന്നതും നമ്പർ അനുവദിച്ച വർഷവും ചേർത്തല്ല നമ്പർ അനുവദിച്ചിട്ടുള്ളത്.

മുഴുവൻ അനധികൃത കെട്ടിടങ്ങളുടേയും വസ്തുനികുതി സഞ്ചയ സോഫ്റ്റ്‌വെയറിൽ നിർണ്ണയിച്ച് ഡിമാന്റ് ചെയ്യേണ്ടതും രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം നം. 10/12.10.2023 നുള്ള മറുപടിയിൽ അനധികൃത കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുന്നതിനായി നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി പിരിവ് വിലയിരുത്തൽ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204, 205, 205എ മുതൽ 205കെ വരെയുള്ള വകുപ്പുകൾ എന്നിവയിലാണ് തൊഴിൽ നികുതിയെക്കുറിച്ച് പ്രതിപാദിക്കുന്നത്. വകുപ്പ് 204 ലെ ഉപവകുപ്പ് (1) പ്രകാരം നിർണ്ണയിക്കപ്പെടാവുന്ന ചട്ടങ്ങൾക്ക് വിധേയമായി ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഓരോ അർദ്ധ വർഷവും അറുപതു ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടേയും; ആകെ കൂടി അറുപതു ദിവസത്തിൽ കുറയാതെ ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, ഒരു പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിന് വെളിയിലോ ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുകയോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ, സ്വകാര്യമായതോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ, മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളുടേയുംമേൽ തൊഴിൽ നികുതി ചുമത്തേണ്ടതാണ്. അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കുന്നതിനായി കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി)ചട്ടങ്ങൾ, 1996 പുറപ്പെടുവിച്ചിട്ടുണ്ട്.

തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിലേയും പിരിച്ചെടുക്കുന്നതിലേയും കാര്യക്ഷമത പരിശോധിക്കുക എന്ന ലക്ഷ്യത്തോടെ ഡിമാന്റ് രജിസ്റ്ററുകൾ, സ്ഥാപനങ്ങൾ സമർപ്പിച്ചിട്ടുള്ള അർദ്ധ വാർഷിക റിട്ടേണുകൾ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സുകൾ മുതലായ രേഖകൾ മുൻനിർത്തി പരിശോധിക്കുകയുണ്ടായി.

എരുത്തേമ്പതി ഗ്രാമപഞ്ചായത്തിൽ 2022-23 വർഷത്തിൽ 67 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നാണ് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുള്ളത്.

വാർഷിക കണക്ക് പ്രകാരമുള്ള തൊഴിൽ നികുതി വരവ്

ജീവനക്കാരുടെ തൊഴിൽ നികുതി - 9,29,989രൂപ

സ്ഥാപനം/ട്രേഡേഴ്സിന്റെ തൊഴിൽ നികുതി - 1,61,430രൂപ

ആകെ - 10,91,419 രൂപ

തൊഴിൽ നികുതി പിരിവിലെ കാര്യക്ഷമത വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും നിരീക്ഷണങ്ങളും താഴെ ചേർക്കുന്നു.

എ) ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും ഡാറ്റാബേസ് സൂക്ഷിക്കുന്നില്ല

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ, വ്യക്തിയോ ഒരു അർദ്ധ വർഷത്തേക്ക് തൊഴിൽ നികുതി കൊടുക്കേണ്ടതാണെന്ന് സെക്രട്ടറിക്ക് അഭിപ്രായമുള്ള പക്ഷം തുടർന്നുള്ള അർദ്ധ വർഷത്തിൽ ഒരു നോട്ടീസ് പ്രകാരം പതിനഞ്ചു ദിവസത്തിനുള്ളിൽ ഒരു റിട്ടേൺ സമർപ്പിക്കണമെന്ന് ആവശ്യപ്പെടാവുന്നതാണ്. സമർപ്പിക്കപ്പെടുന്ന റിട്ടേണിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. ചട്ടം 14, 16 എന്നിവ പ്രകാരം തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ജീവനക്കാരുടെ പേരുവിവരം ശമ്പളത്തിന്റെ സ്റ്റേറ്റ്മെന്റ് സഹിതം സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ്.

നോട്ടീസ് നൽകുക, ജീവനക്കാരുടെ വിവരം ആവശ്യപ്പെടുക എന്നീ നടപടിക്രമങ്ങൾ കാര്യക്ഷമമാക്കുന്നതിനായി എല്ലാ സ്ഥാപനങ്ങളുടേയും വിശദാംശങ്ങൾ അടങ്ങിയ ഡാറ്റാബേസ് സൂക്ഷിച്ചിട്ടില്ല. ഡിമാന്റ് രജിസ്റ്ററിന്റെ ആദ്യ ഭാഗത്ത് രേഖപ്പെടുത്തുന്ന സ്ഥാപനങ്ങളുടെ പട്ടികയെ അടിസ്ഥാനമാക്കിയാണ് ഓരോ അർദ്ധ വർഷത്തിലും നികുതി ഡിമാന്റ് ചെയ്യുന്നത്.

ലൈസൻസ് ഉള്ള സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരുടേയും തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടുണ്ടോ എന്ന് രേഖകൾ പരിശോധിച്ച് ബോദ്ധ്യപ്പെടാനാകാത്ത സ്ഥിതിവിശേഷവും നിലവിലുണ്ട്.

വിവര ശേഖരണത്തോടൊപ്പം തൊഴിൽ വകുപ്പ്, വ്യവസായ വകുപ്പ്, ജി.എസ്.ടി വകുപ്പ്, തൊഴിലാളി ക്ഷേമനിധി ബോർഡ്, വ്യാപാരി വ്യവസായി സംഘടനകൾ മുതലായ സ്ഥാപനങ്ങൾ മുഖേന കമ്പനികളുടേയും തൊഴിലാളികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനുള്ള സാധ്യത പ്രയോജനപ്പെടുത്തേണ്ടതാണ്.

എല്ലാ സ്ഥാപനങ്ങളുടേയും വിവരം രേഖപ്പെടുത്തിയ ഡാറ്റാബേസ് തയ്യാറാക്കേണ്ടതും ആയത് കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.

ബി) സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും വരുമാനം സംബന്ധിച്ച വിവരശേഖരണം

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 13 പ്രകാരം (വകുപ്പ് 205ബി) ഏതെങ്കിലും ഹോട്ടലിന്റേയോ, ബോർഡിംഗിന്റേയോ, ലോഡ്ജിംഗ് ഹൗസിന്റേയോ, ക്ലബ്ബിന്റേയോ നടത്തിപ്പുകാരോട് താമസക്കാരുടെ തൊഴിൽ, കല മുതലായവയുടെ വിവരം ആവശ്യപ്പെടാവുന്നതാണ്. ചട്ടം 14 പ്രകാരം തൊഴിലുടമയോടോ, അവരുടെ പ്രതിനിധികളോടോ ജീവനക്കാരുടെ പേരുവിവരം സമർപ്പിക്കുവാൻ ആവശ്യപ്പെടാവുന്നതാണ് (വകുപ്പ് 205 സി). ചട്ടം 16 പ്രകാരം തൊഴിലുടമകളോട് ജീവനക്കാരുടെ വരുമാനത്തേയോ, ശമ്പളത്തേയോ സംബന്ധിച്ച വിവരം ആവശ്യപ്പേടേണ്ടതും തുടർന്ന് വിവിധ നടപടിക്രമങ്ങൾ പാലിച്ച് ചട്ടം 18 പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതുമാണ്.

തൊഴിൽ നികുതിയുടെ ആവശ്യത്തിനായി രണ്ട് അർദ്ധ വർഷങ്ങളിലും ഡിമാന്റ് നോട്ടീസ് നൽകുന്നതിനു മുമ്പായി ചട്ടങ്ങൾ പ്രകാരമുള്ള വിവരശേഖരണം ഗ്രാമപഞ്ചായത്തിൽ നടത്തിയിട്ടില്ല.

സി) ഡിമാന്റ് നോട്ടീസ് നൽകുന്നതിലെ കാര്യക്ഷമത

ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്ന പട്ടിക പ്രകാരം സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകുന്ന രീതിയാണ് തുടർന്നു വരുന്നത്. ഏതെങ്കിലും സ്ഥാപനങ്ങളോ ജീവനക്കാരോ ഡിമാന്റിൽ നിന്നും വിട്ടുപോയിട്ടുണ്ടോ എന്ന് ഉറപ്പാക്കുന്നതിനായി ശാസ്ത്രീയ രീതികൾ അവലംബിക്കുന്നില്ല. 2022-23 വർഷത്തിൽ MSME രജിസ്ട്രേഷൻ എടുത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി നികുതി ഡിമാന്റ് ചെയ്തിട്ടില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്.

ഡി) സമർപ്പിച്ചിട്ടുള്ള വിവരങ്ങളുടെ ആധികാരികത ഉറപ്പാക്കൽ

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി സെക്ഷനിൽ റിട്ടേണുകളുടെ പൊതുവായ വിലയിരുത്തൽ മാത്രമാണ് നടക്കുന്നത്. വിവരങ്ങളുടെ ആധികാരികത ഉറപ്പാക്കുന്നതിനായി സ്ഥാപന സന്ദർശനം നടത്തി സ്ഥാപനത്തിലെ രജിസ്റ്ററുമായി പൊരുത്തപ്പെടുത്തി പരിശോധിച്ചതായി കാണുന്നില്ല.

ഇ) പ്രിസംപ്റ്റീവ് പ്രൊഫഷൻ ടാക്സ് (Presumptive Profession Tax) – നിശ്ചിത തുക ഈടാക്കുന്നതിന് നിയമ തടസ്സം

സ്വന്തമായി ജോലി ചെയ്യുന്ന വ്യക്തികളെ തൊഴിൽ നികുതിയുടെ പരിധിയിൽ കൊണ്ടു വരിക എന്നതാണ് പ്രിസംപ്റ്റീവ് പ്രൊഫഷൻ ടാക്സ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. സ.ഉ(അ)നം.143/2008 /തസ്വഭവ തിയതി 27-05-2008 പ്രകാരം അഭിഭാഷകർ, ഗ്രാമപഞ്ചായത്തുകളിലെ സ്വകാര്യ ഡോക്ടർമാർ, വൈദ്യൻമാർ, പാരാ മെഡിക്കൽ വിദഗ്ധർ, മറ്റ് സമാന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ എന്നിവർക്കുള്ള തൊഴിൽ നികുതി നിരക്ക് നിശ്ചയിച്ച് ഉത്തരവായിരുന്നു. പ്രൊഫഷണലുകളെ കൂടാതെ സ്വന്തമായി ജോലി ചെയ്യുന്ന വ്യക്തികളെ കൂടി തൊഴിൽ നികുതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിരുന്നു.

മേൽ ഉത്തരവനുസരിച്ച് തൊഴിൽ നികുതി ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കാതിരുന്നത് നിയമ പ്രശ്നങ്ങൾക്കിടയാക്കിയിട്ടുണ്ട്. പ്രിസംപ്റ്റീവ് പ്രൊഫഷൻ ടാക്സ് ഏർപ്പെടുത്തിയ നടപടിക്ക് നിയമപരമായ സാധുത നൽകേണ്ടതാണെന്ന് WP(C)നം.26260 Of 2008(A) നമ്പർ കേസിന്റെ 20-11-2009 ലെ വിധിയിൽ ബഹു.ഹൈക്കോടതി അഭിപ്രായപ്പെടുകയും ഉത്തരവ് മരവിപ്പിക്കുകയും ചെയ്തു. ആയതിനുശേഷം നാളിതുവരെ 1996ലെ തൊഴിൽ നികുതി ചട്ടങ്ങളിൽ ഉചിതമായ ഭേദഗതി വരുത്തിയതായി കാണുന്നില്ല.

നിലവിൽ, സ്വന്തമായി ജോലി ചെയ്യുന്ന വ്യക്തികളിൽ നിന്നും പ്രൊഫഷണലുകളിൽ നിന്നും ഗ്രാമപഞ്ചായത്തിന് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കാവുന്നതാണെങ്കിലും അത്തരത്തിൽ പ്രൊഫഷണലുകളിൽ നിന്നും തൊഴിൽ നികുതി ഇനത്തിൽ തുകയൊന്നും വരവില്ല എന്ന് രേഖകളുടെ പരിശോധനയിൽ ബോധ്യപ്പെട്ടു.

തൊഴിൽ നികുതിയായി നിശ്ചിത തുക ഈടാക്കുവാൻ 1996ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ ആവശ്യമാണെന്ന് വിലയിരുത്തുന്നു.

ചട്ടങ്ങളിൽ ഭേദഗതി പരിഗണിക്കുമ്പോൾ പുതിയ സാഹചര്യം കൂടി കണക്കിലെടുത്ത് കൂടുതൽ സ്ഥാപനങ്ങളേയും വ്യക്തികളേയും പ്രിസംപ്റ്റീവ് പ്രൊഫഷൻ ടാക്സിന്റെ പരിധിയിൽ കൊണ്ടു വരാവുന്നതാണ്.

എഫ്) തൊഴിൽ നികുതി പിരിവിലെ പ്രായോഗിക പ്രശ്നങ്ങൾ

I. അർദ്ധ വാർഷിക വരുമാനത്തിന്റെ പരമാവധി തുക

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി) ചട്ടങ്ങളില ചട്ടം 3(2) പ്രകാരം ഗ്രാമപഞ്ചായത്തിന് ഓരോ സ്ലാബിലും ഈടാക്കാവുന്ന പരമാവധി തുകയാണ് പട്ടികയിൽ നൽകിയിട്ടുള്ളത്. പരമാവധിയിൽ കുറവ് തുക ഈടാക്കുന്നതിന് തടസ്സമില്ലെങ്കിലും ഭൂരിഭാഗം ഗ്രാമപഞ്ചായത്തുകളും പട്ടികയിലെ പരമാവധി തുക തന്നെയാണ് ഈടാക്കി വരുന്നത്.

II. ടേണോവർ കണക്കാക്കൽ

ചട്ടം 6, 7, 8 എന്നിവ പ്രകാരം കമ്പനികളുടെ ടേണോവർ കണക്കാക്കി തൊഴിൽ നികുതി നിർണ്ണയിക്കുന്നതിൽ സങ്കീർണ്ണത ഉള്ളതായി വിലയിരുത്തുന്നു. സ്ഥാപനങ്ങളിൽ നിന്നും അർദ്ധവർഷത്തിൽ പരമാവധി തുകയായ 1250 രൂപ ഈടാക്കുന്ന രീതിയാണ് തുടർന്നു വരുന്നത്. ടേണോവർ എത്രയെന്ന് പൊതുവെ, സ്ഥാപനങ്ങൾ റിട്ടേണിൽ രേഖപ്പെടുത്തുകയോ ആയതിന്റെ കൃത്യത ഗ്രാമപഞ്ചായത്ത് പരിശോധിക്കുകയോ ചെയ്യുന്നില്ല.

കമ്പനികളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനായി സങ്കീർണ്ണയതില്ലാത്ത മറ്റേതെങ്കിലും മാനദണ്ഡം അവലംബിക്കാവുന്ന വിധത്തിൽ ചട്ടങ്ങളിൽ ഭേദഗതി ആവശ്യമാണെന്ന് വിലയിരുത്തുന്നു.

ജി) തൊഴിൽ നികുതിയുടെ കമ്പ്യൂട്ടറൈസേഷൻ

എസ്.ആർ.ഒ നം. 612/2017 തിയതി 31-10-2017 പ്രകാരം തൊഴിൽ നികുതി ചട്ടങ്ങളിൽ ചട്ടം 14എ കൂട്ടിച്ചേർത്തിട്ടുണ്ട്. ആയതനുസരിച്ച് തൊഴിൽ നികുതി ഈടാക്കി ഒടുക്കുവാൻ ബാധ്യസ്ഥരായ ഉദ്യോഗസ്ഥർക്ക് ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനും സെക്രട്ടറി നൽകുന്ന യൂസർ നെയിം, പാസ്‌വേർഡ് എന്നിവ ഉപയോഗിച്ച് തൊഴിൽ നികുതി ഓൺലൈൻ ആയി ഒടുക്കുന്നതിനുമുള്ള പോർട്ടൽ രൂപീകരിക്കുവാനുമാണ് വിഭാവനം ചെയ്തിട്ടുള്ളത്. നാളിതുവരെ അത്തരത്തിലൊരു സംവിധാനം നിലവിൽ വന്നിട്ടില്ല.

സഞ്ചയ സോഫ്റ്റ്‌വെയറിൽ തൊഴിൽ നികുതി കൈകാര്യം ചെയ്യുന്നതിനുള്ള മോഡ്യൂൾ കൂടി വിഭാവനം ചെയ്തിട്ടുണ്ടെങ്കിലും ആയതിനുള്ള മോഡ്യൂൾ സഞ്ചയയിൽ നാളിതുവരെ ഉൾപ്പെടുത്തിയിട്ടില്ല. ചട്ടങ്ങളിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ ഉണ്ടായിട്ടും അത്തരത്തിലുള്ള സംവിധാനം ഏർപ്പെടുത്താത്തത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തേണ്ടതാണ്.

എച്ച്) ഡിമാന്റ് രജിസ്റ്ററിന്റെ സൂക്ഷിപ്പ്

ഡിമാന്റ് രജിസ്റ്ററിലെ തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടുണ്ടെങ്കിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഐ) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, നികുതി പിരിവിന്മേൽ പൊതുവായ വിലയിരുത്തൽ മാത്രമാണ് നടത്തുന്നത്. ഓരോ അർദ്ധ വർഷവും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിനു മുമ്പായി പാലിക്കേണ്ട നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളും ജീവനക്കാരും തൊഴിൽ നികുതിയുടെ പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ഉറപ്പാക്കുന്ന തരത്തിലുള്ള പരിശോധനകൾ ഉണ്ടാകുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും മേൽനോട്ടച്ചുമതലുള്ള ഉദ്യോഗസ്ഥരും ഇക്കാര്യത്തിൽ കാര്യക്ഷമമായ ഇടപെടൽ നടത്തേണ്ടതാണ്.

ഈ വിഷയത്തിൽ നിലനിൽക്കുന്ന അപാകങ്ങൾ പരിഹരിച്ച് പരമാവധി നികുതി സ്വരൂപിക്കുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്. തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. 21/17.10.23 നുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13-1 തൊഴിൽനികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്

ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ലാത്ത ഏതാനും സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസ് അപേക്ഷ പ്രകാരം ജീവന ക്കാരുടെ എണ്ണം |
|---|---|---|
| 1 | താരിഫ് സോ മിൽസ് | 4 |
| 2 | റെയിൻബോ ഫ്യൂവൽസ് | 4 |
| 3 | ഗുരുവായൂരപ്പൻ കാറ്റിൽ ഫീഡ്സ് | 4 |
| 4 | ശ്രീ പത്മമുഖി എഡിബിൾസ് | 9 |
| 5 | എം കെ ഗ്യാസ് ടെക് പ്രൈവറ്റ് ലിമിറ്റഡ് | 11 |
| 6 | ഡോൾഫിൻ പാക്സ് | 8 |

| | | |
|---|---|---|
| 7 | ശ്രീ വിഷ്ണു പോളിമേഴ്സ് | 9 |
| 8 | ഋദ്വിക് പ്ലാസ്റ്റിക് കമ്പനി | 7 |
| 9 | ഋദ്വിക് പൈപ്പ് കമ്പനി | 9 |
| 10 | പി എം പോളിമേഴ്സ് | 10 |
| 11 | സൗപർണിക ഓർഗാനിക് ആൻഡ് കാറ്റിൽ ഫീഡ്സ് | 6 |
| 12 | ആർ സി എസ് ഫാംസ് | 15 |
| 13 | ഗാർഡൻ വൈറ്റ് എക്സ് അസോസിയേറ്റ് | 8 |
| 14 | ഹൃദയ് ഡയറി ഫാം | 5 |

മേൽ സൂചിപ്പിച്ചവ ഏതാനും ഉദാഹരണങ്ങൾ മാത്രമാണ്. മിക്ക അപേക്ഷകളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം രേഖപ്പെടുത്താതെ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളിലേയും ജീവനക്കാരുടെയും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.
തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-13-2 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

1994 ലെ കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു. തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലെന്നു കാണുന്നു.

| ക്രമ നം | സ്ഥാപനം | ഈടാക്കിയ ആകെ നികുതി | |
|---|---|---|---|
| | | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം |
| 1 | ആർ ആർ ഇൻഡസ്ട്രീസ് | 1620 | - |
| 2 | കനറാ ബാങ്ക്, മൂങ്കിൽമട ബ്രാഞ്ച് | - | 11250 |
| 3 | മൂങ്കിൽമട ആപ്കോസ് | - | 1050 |
| 4 | ബാലസുബ്രഹ്മണ്യ ഫൗണ്ടറി, ആർ വി പുതൂർ | 1680 | - |
| 5 | ബാലകൃഷ്ണ ഡയറി ഫാം | - | 2800 |
| 6 | സതേൺ കോണ്ടിനെന്റൽ ലിമിറ്റഡ് വണ്ണാമട | 1620 | - |
| 7 | കേര ഫ്രഷ് പ്രൊഡക്ഷൻ കമ്പനി | 1140 | - |
| 8 | ജി എസ് ജി പോളിമേഴ്സ് | 300 | - |
| 9 | ഫ്ലോറ മോഡേൺ റൈസ് മിൽ | 1710 | - |
| 10 | റേഷൻ ഷോപ്പ് എ.ആർ.ഡി നം.151 | - | 360 |
| 11 | റേഷൻ ഷോപ്പ് എ.ആർ.ഡി നം.34 | 300 | - |
| 12 | മാങ്ങ പള്ളം ആപ്കോസ് | - | 3500 |
| 13 | വില്ലേജ് ഓഫീസ് | 6250 | - |
| 14 | ജി എസ് ടി ഡിപ്പാർട്ട്മെന്റ് എൻഫോഴ്സ്മെന്റ് സ്ക്വാഡ് ഗോപാലപുരം | - | 7500 |

തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-14 നികുതിയേതര വരവുകൾ - അവലോകനം

ലൈസൻസ് ഫീസ്, പെർമിറ്റ് ഫീസ്, വസ്തുവകകളിൽ നിന്നുള്ള ആദായം, വിവിധ ആസ്തികളുടെ ഉപയോഗത്തിനുള്ള ഫീസ്, രജിസ്ട്രേഷൻ ഫീസ്, മറ്റ് വരവുകൾ മുതലായ നികുതിയേതര ഇനങ്ങളിൽ നിന്നുള്ള റവന്യൂ പിരിച്ചെടുക്കുന്നതിൽ കൃത്യത പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1) ഫാക്ടറികൾക്കും വ്യവസായങ്ങൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ

- 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 233, 233A, 233B, 233C, 234
- 1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ

2022-23 വർഷത്തിൽ 163 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിക്കുകയോ പുതുക്കി നൽകുകയോ ചെയ്തിട്ടുള്ളത്. ലൈസൻസ് ഫീസ് ഇനത്തിൽ ആകെ 1,25,050 രൂപയാണ് ലഭ്യമായിട്ടുള്ളത്. ലൈസൻസ് അനുവദിക്കുന്നതിലെ നടപടിക്രമങ്ങൾ വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ) ലൈസൻസ് നടപടിക്രമങ്ങളിൽ അവ്യക്തതകൾ നിലനിൽക്കുന്നു

2017 ൽ നിയമത്തിലും ചട്ടങ്ങളിലും വരുത്തിയ ഭേദഗതികൾ പ്രകാരം കൂടുതൽ വിഭാഗങ്ങളിലുള്ള സ്ഥാപനങ്ങളെ ലൈസൻസിന്റെ പരിധിയിൽ ഉൾപ്പെടുത്തിയെങ്കിലും ചട്ടങ്ങളിലെ പട്ടിക-I ൽ 'ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങളും ഫാക്ടറികളും' എന്ന വിഭാഗത്തിൽപ്പെട്ട 163 സ്ഥാപനങ്ങൾ മാത്രമാണുള്ളത്. പട്ടിക-I ൽ മാറ്റങ്ങൾ വരുത്താതിരുന്നതിനാൽ പുതിയ വിഭാഗങ്ങളിൽപ്പെട്ട സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിക്കാത്ത സാഹചര്യമാണുള്ളത്. ലൈസൻസ് നൽകുന്നതിലെ അവ്യക്തത പരിഹരിക്കുന്നതിനായി എല്ലാ വിഭാഗം സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി പട്ടിക-I സർക്കാർതലത്തിൽ പുതുക്കേണ്ടതുണ്ടെന്ന് വിലയിരുത്തുന്നു.

ബി) ഫീസ് ഘടനയിലെ അവ്യക്തത

1996ലെ ലൈസൻസ് ചട്ടങ്ങളിലെ പട്ടിക-II ലെ നിരക്കിൽ സ്ഥാപനങ്ങളുടെ വാർഷിക വിറ്റു വരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിരുന്നത്. 31-10-2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം 'വിറ്റു വരവ്' എന്നത് 'മൂലധന നിക്ഷേപം' (Investment) എന്നാക്കി മാറ്റുകയും പട്ടിക-II പുതുക്കുകയും ചെയ്തിട്ടുണ്ട്. സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് എന്നീ വിഭാഗങ്ങളാക്കി തിരിച്ച് ഉത്പാദനമേഖല, സേവനമേഖല എന്നിങ്ങനെ വേർതിരിക്കുകയും ചെയ്തു. സ്ഥാപനങ്ങളുടെ മൂലധന നിക്ഷേപത്തെ അടിസ്ഥാനമാക്കി 500 മുതൽ 15000 രൂപ വരെയുള്ള ലൈസൻസ് ഫീസാണ് നിശ്ചയിച്ചിട്ടുള്ളത്. പട്ടികയിൽ നൽകിയിട്ടുള്ള തുക, ഈടാക്കാവുന്ന ഫീസിന്റെ പരമാവധിയാണ്. വ്യത്യസ്ഥ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ഥ നിരക്കിൽ ഫീസ് ഈടാക്കാവുന്നതാണെങ്കിലും സ്ലാബ് തിരിച്ച് ഈടാക്കാവുന്ന നിരക്ക് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിട്ടില്ല.

സി) അപേക്ഷാ ഫോറം ചട്ടത്തിന്റെ ഭാഗമാക്കിയില്ല

സ്ഥാപനങ്ങളുടെ പുതുക്കിയ ഫീസ് ഘടനയ്ക്കനുസരിച്ചുള്ള പുതുക്കിയ അപേക്ഷാ ഫോറം ഭേദഗതി ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നത് അവ്യക്തതകൾക്ക് കാരണമായിട്ടുണ്ട്.

ഡി) കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ്, 2019 പ്രകാരമുള്ള മാറ്റങ്ങളും ലൈസൻസും

സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായങ്ങൾ (എം.എസ്.എം.ഇ) സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും പരിശോധനകളിൽ നിന്നും പ്രസ്തുത സ്ഥാപനങ്ങളെ ഒഴിവാക്കുന്നതിനുമുള്ള കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്റ്റ്, 2019 പുറപ്പെടുവിച്ചിട്ടുണ്ട്. കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ചട്ടങ്ങൾ,

2020 ഉം പുറപ്പെടുവിച്ചിട്ടുണ്ട്.

കേരള മലിനീകരണ നിയന്ത്രണ ബോർഡ്, 'റെഡ് കാറ്റഗറി' വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഒരു വ്യവസായ സ്ഥാപനം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ഏതൊരാളും ഫോറം-I ൽ നോഡൽ ഏജൻസി മുമ്പാകെ സ്വയം സാക്ഷ്യപത്രം(Self Certification) സമർപ്പിച്ചാൽ ഒരു കൈപ്പറ്റ് സാക്ഷ്യപത്രം (Acknowledgement Certificate) ലഭിക്കുന്നതാണ്. സാക്ഷ്യപത്രത്തിന് മൂന്നു വർഷം വരെ പ്രാബല്യമുണ്ടാകുന്നതാണ്. മൂന്ന് വർഷക്കാലയളവിനുള്ളിൽ, ഏതെങ്കിലും സംസ്ഥാന നിയമത്തിൻകീഴിൽ ആവശ്യമായ ലൈസൻസുകളും അനുവാദങ്ങളും അംഗീകാരങ്ങളും ക്ലിയറൻസുകളും രജിസ്ട്രേഷനുകളും അനുമതികളും നിരാക്ഷേപ പത്രങ്ങളും സമാനമായവയും നൽകുന്നതിന് ക്ഷമതയുള്ള അധികാര സ്ഥാനം, അംഗീകാരം നൽകുന്നതിന്റെ ആവശ്യത്തിലേക്കായോ, അതുമായി ബന്ധപ്പെട്ടോ മറ്റേതെങ്കിലും പരിശോധന നടത്തുവാൻ പാടുള്ളതല്ല.

ഗ്രാമപഞ്ചായത്തിലെ എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവ് ലഭ്യമാക്കിയ വിവരം അനുസരിച്ച് 2022-23 വർഷത്തിൽ 14 സ്ഥാപനങ്ങൾ MSME Development Act, 2006 പ്രകാരം ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നേടിയിട്ടുണ്ട്. കൈപ്പറ്റ് സാക്ഷ്യപത്രം ലഭ്യമാക്കി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ കണക്ക് ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. അത്തരം സ്ഥാപനങ്ങൾ ബാധകമായ നികുതി ഒടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

എന്നാൽ MSME കളുടെ കൃത്യമായ വിവരം ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. എല്ലാ MSME കളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പാക്കുന്നില്ല.

ഇ) ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കൽ

സ്ഥാപനങ്ങളുടെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ലൈസൻസ് ഫീസ് ഒടുക്കിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ മാത്രമാണ് ലൈസൻസ് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നത്. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

എഫ് ) ഡിമാന്റിന്റെ പൂർണ്ണത

സഞ്ചയയിലെ ഡാറ്റ പ്രകാരം 723 വാണിജ്യാവശ്യത്തിനായുള്ള കെട്ടിടങ്ങൾ അസസ്സ് ചെയ്തിട്ടുണ്ടെങ്കിലും 163 സ്ഥാപനങ്ങൾ മാത്രമേ ലൈസൻസ് എടുത്തിട്ടുള്ളൂ എന്ന് കണ്ടെത്തി. വസ്തു നികുതി ഒടുക്കുന്ന ഗാർഹികേതര സ്ഥാപനങ്ങളുടെ കണക്കും ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ കണക്കും പൊരുത്തപ്പെടാത്ത സാഹചര്യം നിലവിലുണ്ട്.

ജി) ലൈസൻസിനായുള്ള ഓൺലൈൻ സംവിധാനം

സഞ്ചയ സോഫ്റ്റ്‌വെയറിൽ ലൈസൻസ് നടപടികൾ കൈകാര്യം ചെയ്യുന്നതിനുള്ള മോഡ്യൂൾ കൂടി ഉൾപ്പെടുത്തുവാൻ ലക്ഷ്യമിട്ടിട്ടുണ്ടെങ്കിലും നാളിതുവരെ ആയത് പ്രാവർത്തികമാക്കിയിട്ടില്ല. അപേക്ഷകൾ ഓൺലൈൻ ആയി സമർപ്പിക്കുവാനും ഫീസ് ഓൺലൈൻ ആയി ഒടുക്കുവാനുമുള്ള സംവിധാനം ഉണ്ടാകേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തി പുതുക്കിയ പട്ടിക-1 പുറപ്പെടുവിക്കുന്നതിനും അപേക്ഷാ ഫോറം ചട്ടത്തിന്റെ ഭാഗമായി പുറപ്പെടുവിക്കുന്നതിനും സർക്കാർ തലത്തിൽ നടപടികൾ ആവശ്യമായതിനാൽ ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.
- വാർഡ് അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും ഫീൽഡ് തല പരിശോധനയിലൂടെ ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളെ കണ്ടെത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്.
- ലൈസൻസ് എടുക്കുവാൻ ബാധ്യസ്ഥരായ എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന്

ഉറപ്പാക്കേണ്ടതാണ്.

- 2016 ലെ പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ സത്യവാങ്മൂലത്തിൽ ഉറപ്പാക്കേണ്ടതാണ്.

2) വാടക

*കേരള പഞ്ചായത്ത് രാജ്(വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ, 2005
ഗ്രാമപഞ്ചായത്തിൽ വാടകയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

3) മറ്റ് ലൈസൻസുകൾ

എ) പന്നികൾക്കും പട്ടികൾക്കും ലൈസൻസ്

- കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽ കൽ) ചട്ടങ്ങൾ, 1998 പ്രകാരം പന്നികളേയും പട്ടികളേയും വളർത്തുന്നതിനുള്ള നിയന്ത്രണത്തിനായി ലൈസൻസ് ഏർപ്പെടുത്തിയിട്ടുണ്ട്.

അപേക്ഷാ ഫീസ് 50 രൂപയായി പുതുക്കിയിട്ടുണ്ട്. ഈ ഇനത്തിൽ 2770 രൂപയാണ് വരവുള്ളത്. നിലവിലെ സാഹചര്യത്തിൽ എല്ലാ വളർത്തു നായ്ക്കൾക്കും ലൈസൻസ് അനുവദിക്കുന്നത് നിർബന്ധമാക്കേണ്ടതാണ്.

ബി) ലൈവ്സ്റ്റോക്ക് ഫാമുകൾക്കുള്ള ലൈസൻസ്

- കേരള പഞ്ചായത്ത് രാജ്(ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 2012 പ്രകാരം ലൈസൻസ് ഇനത്തിൽ വരവൊന്നുമില്ല.

ബാലകൃഷ്ണ ഡയറി ഫാം, വില്ലുന്നി എന്ന സ്ഥാപനത്തിന് 1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് ആണ് അനുവദിച്ചിട്ടുള്ളത്. ലൈസൻസ് നം. 160/20-2-23

അപേക്ഷ പ്രകാരം പ്രസ്തുത ഫാമിൽ 100 മൃഗങ്ങളാണുള്ളത്.

കേരള പഞ്ചായത്ത് രാജ്(ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, 2012 പ്രകാരമുള്ള ലൈസൻസ് അനുവദിക്കുന്നതിനുപകരം1996 ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമല്ല. ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ലൈവ്സ്റ്റോക്ക് ഫാമുകളെല്ലാം കൃത്യമായ ലൈസൻസോടുകൂടിയാണ് പ്രവർത്തിക്കുന്നതെന്ന് അധികൃതർ ഉറപ്പാക്കേണ്ടതാണ്.

4) കെട്ടിട നിർമ്മാണം, ഭൂവികസനം - പെർമിറ്റ് അനുവദിക്കൽ

തൻവർഷം 1,52,084 രൂപ പെർമിറ്റ് ഫീസ് ആയി ഈടാക്കിയിട്ടുണ്ട്. റഗുലറൈസേഷൻ ഫീസ് ഇനത്തിൽ 87,116 രൂപ ലഭ്യമായിട്ടുണ്ട്.

എ) സർക്കാരിലേക്കുള്ള റിപ്പോർട്ട്, വിജിലൻസ് സംവിധാനം

കണ്ടുപിടിക്കപ്പെട്ട അനധികൃത നിർമ്മാണങ്ങളുടെ എണ്ണവും സ്വീകരിച്ച നടപടികളും തീർപ്പാക്കുവാൻ അവശേഷിക്കുന്ന ക്രമവത്ക്കരണത്തിനുള്ള അപേക്ഷകൾ മുതലായ വിവരങ്ങൾ അടങ്ങിയ ഒരു റിപ്പോർട്ട് ഓരോ മൂന്ന് മാസം കൂടുമ്പോഴും സെക്രട്ടറി സർക്കാരിലേക്ക് അയയ്ക്കേണ്ടതാണെന്ന് 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 104 ൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അത്തരത്തിലുള്ള റിപ്പോർട്ട് കൃത്യമായി നൽകുന്നില്ല. ചട്ടം 105 പ്രകാരമുള്ള വിജിലൻസ് സംവിധാനവും കാര്യക്ഷമമല്ല.
ആവശ്യമായ പരിശോധന നടത്തി സർക്കാരിലേക്ക് റിപ്പോർട്ട് നൽകുവാനും പരിശോധനാ സംവിധാനം കാര്യക്ഷമമാക്കുവാനും നടപടികൾ ഉണ്ടാകേണ്ടതാണ്.

5) സ്വകാര്യ ആശുപത്രികൾ പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ

സ്വകാര്യ ആശുപത്രികൾ, ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഗ്രാമപഞ്ചായത്തിന്റെ രജിസ്ട്രേഷൻ ആവശ്യമാണ്. നിലവിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി കാണുന്നില്ല.
ഈ ഇനത്തിൽ വരവൊന്നുമില്ല.

6) മറ്റ് വരവുകൾ
കാലഹരണപ്പെട്ട ആസ്തികൾ വില്പന നടത്തിയതിൽ 14,432 രൂപ ലഭ്യമായിട്ടുണ്ട്.

ഫലവൃക്ഷങ്ങൾ ലേലം ചെയ്ത വകയിൽ 26,000 രൂപ ലഭ്യമായിട്ടുണ്ട്.

കുളങ്ങൾ, പുറമ്പോക്കുകൾ, ബങ്ക്, സ്റ്റാളുകൾ, കംഫർട്ട് സ്റ്റേഷനുകൾ, യന്ത്രോപകരണങ്ങൾ മുതലായവയിൽ നിന്നും വരവൊന്നുമില്ല.

മേൽ പരാമർശങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ അഭിപ്രായം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം. 19/17.10.2023 നുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല.
നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യത ഗ്രാമപഞ്ചായത്ത് പരിശോധിക്കേണ്ടതാണ്.

## 1-15 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ

ലൈസൻസ് പരിശോധനയിലെ കണ്ടെത്തലുകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.
ഓഡിറ്റ് അന്വേഷണം നം. 20/17.10.2023 നുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല.

### 1-15-1 ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കേണ്ട സ്ഥാപനങ്ങളുടെ പൂർണ്ണമായ വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല

2022-23 വർഷത്തിൽ 163 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. സഞ്ചയ സോഫ്റ്റ്‌വെയറിലെ കണക്കുകൾ പ്രകാരം വാണിജ്യം, വ്യവസായം എന്നീ ഉപയോഗക്രമങ്ങളിലായി 14 വാർഡുകളിലായി 723 കെട്ടിടങ്ങളാണ് നിലവിലുള്ളത്. വസ്തു നികുതി അടവാക്കിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കാത്തതിനാൽ ഡിമാന്റ് പൂർണ്ണമാണോ എന്നതിന്റെയും ഗ്രാമപഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നതിന്റെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് കമ്പ്യൂട്ടറൈസ് ചെയ്ത് പുതിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ ഉൾക്കൊള്ളിച്ച് കാലികമാക്കേണ്ടതും ഗ്രാമപഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി ലൈസൻസ് പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

### 1-15-2 അപേക്ഷകളിലെ സാക്ഷ്യപ്പെടുത്തലുകൾ അപൂർണ്ണം

2022-23 വർഷത്തിൽ ലൈസൻസ് അനുവദിച്ചത് ക്രമപ്രകാരമാണോ എന്ന് വിലയിരുത്തുന്നതിനായി ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചു. ഹാജരാക്കിയ അപേക്ഷകൾ പരിശോധിച്ചതിൽ ഇനി പറയും പ്രകാരമുള്ള അപാകങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

മിക്ക അപേക്ഷകളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം, മൂലധനം, മാലിന്യങ്ങൾ നീക്കം ചെയ്യാൻ സംവിധാനം ഒരുക്കിയതിന്റെ വിവരങ്ങൾ, മോട്ടോറുകളുടെ കുതിരശക്തി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഇവ രേഖപ്പെടുത്താത്ത അപേക്ഷകളിൽ ലൈസൻസ് ഫീസ് നിർണയിച്ച് ഈടാക്കിയത് ക്രമപ്രകാരമല്ല. അപേക്ഷകളിൽ രേഖപ്പെടുത്തുന്ന മൂലധന നിക്ഷേപത്തിന്റെ ആധികാരികത പരിശോധിക്കപ്പെടുന്നില്ല. ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ ലൈസൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ലൈസൻസ്

ലഭിക്കുന്നതിനായുള്ള പല അപേക്ഷകളിലും സെക്ഷൻ ക്ലർക്കിന്റെ അന്വേഷണ റിപ്പോർട്ടും മേലുദ്യോഗസ്ഥന്റെ ശുപാർശയും സെക്രട്ടറിയുടെ അംഗീകാരവും രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. അപേക്ഷകൾ സ്വീകരിക്കുന്ന സമയത്തുതന്നെ അവ പൂർണ്ണമാണോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തി മാത്രം തുടർ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15-3 വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന മെഷീനറികൾ സ്ഥാപിക്കുന്നതിനും പുതുക്കുന്നതിനുമുള്ള ഫീസ് ഈടാക്കിയില്ല

1996 കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 18 പ്രകാരം വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനോ ഉപയോഗിക്കുന്നതിനോ യഥാക്രമം പട്ടിക-III പ്രകാരമുള്ള ഫീസ് ഒടുക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന മോട്ടോറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പട്ടിക പ്രകാരമുള്ള ഫീസ് പ്രത്യേകമായി ഈടാക്കിയിട്ടില്ലെന്ന് അപേക്ഷകളുടെ പരിശോധനയിൽ കണ്ടെത്തി.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഉപയോഗിക്കുന്ന കുതിര ശക്തി (എച്ച്.പി) |
|---|---|---|
| 1 | ജിയോ അഗ്രോ ടെക് | 25 |
| 2 | ജി എസ് ജി പോളിമേഴ്സ് | 154 |
| 3 | ഗൗതം എക്സ്ട്രാക്സ് ആൻഡ് ഓയിൽ | 40 |
| 4 | പെരിയ നായകി അമ്മൻ പ്ലാസ്റ്റിക്സ് | 53 |
| 5 | സജിത്ത് റൈസ് മിൽ | 10 |
| 6 | സപ്ത ഗിരി റിഫൈനറീസ് | 104 |
| 7 | ശ്രീ പത്മമുഖി എഡിബിൾസ് | 10 |
| 8 | ശ്രീ ഗുരുവായൂരപ്പൻ ഫ്ലോർ മിൽ | 10 |
| 9 | ഉമാ സോ മിൽ | 35.5 |
| 10 | ഡോൾഫിൻ പാക്സ് | 10 |
| 11 | ബാലസുബ്രഹ്മണ്യ ഫൗണ്ടറി | 32 |
| 12 | നീതി ഗ്യാസ് എൽ പി ജി ബോട്ടിലിംഗ് പ്ലാന്റ് | 60 |
| 13 | എൻ വി ഫ്യുവൽസ് | 16 |
| 14 | ശ്രീ വിഷ്ണു പോളിമേഴ്സ് | 20 |
| 15 | ഋദ്വിക് പ്ലാസ്റ്റിക് കമ്പനി | 110 |
| 16 | ബിസ്മില്ലാ മോഡേൺ റൈസ് മിൽ | 148 |
| 17 | പസുധാ ഡയറി പ്രൊഡക്ട്സ് | 131 |
| 18 | സതേൺ കോണ്ടിമെൻസ് പ്രൈവറ്റ് ലിമിറ്റഡ് | 75 |
| 19 | ബാറ്റ് അഗ്രോടെക് പ്രൈവറ്റ് ലിമിറ്റഡ് | 99 |
| 20 | ഋദ്വിക് പൈപ്പ് കമ്പനി | 275 |
| 21 | ആർ ആർ ഇൻഡസ്ട്രീസ് | 215 |
| 22 | ഭഗവതി സോ മിൽ | 20 |
| 23 | ഫാസോ റേഡിയേറ്റർ | 650 |

മേൽ സൂചിപ്പിച്ചവ ഏതാനും ഉദാഹരണങ്ങൾ മാത്രമാണ്. വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രങ്ങൾ സ്ഥാപിക്കുന്നതിനും ഉപയോഗിക്കുന്നതിനും എല്ലാ സ്ഥാപനങ്ങളിൽ നിന്നും പട്ടിക-III പ്രകാരമുള്ള ഫീസ് ഈടാക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-15-4 വൈദ്യുതി കൊണ്ടു പ്രവർത്തിക്കുന്ന മെഷീനറികൾക്കുള്ള ഫീസ് കുറവായി ഈടാക്കി

താഴെ പറയുന്ന സ്ഥാപനത്തിൽ വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന മോട്ടോറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും

പട്ടിക പ്രകാരമുള്ള ഫീസ് കുറവായി ഈടാക്കിയതായി അപേക്ഷയുടെ പരിശോധനയിൽ കണ്ടെത്തി.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഉപയോഗിക്കുന്ന കുതിര ശക്തി | മോട്ടോറുകളുടെ എച്ച്.പി അടിസ്ഥാനത്തിൽ ചുമത്താവുന്ന ഫീസ് | |
|---|---|---|---|---|
| | | | ഈടാക്കിയത് | ഈടാക്കാവുന്നത് |
| 1 | എം കെ ഗ്യാസ് ടെക് പ്രൈവറ്റ് ലിമിറ്റഡ് | 353 | 1000 | 3530 |
| 2 | പി എം പോളിമേഴ്സ് | 33.5 | 100 | 400 |

ആവശ്യമായ വിലയിരുത്തൽ നടത്തി പരമാവധി തുക ഈടാക്കുന്നതിനുള്ള ശ്രമം നടത്തേണ്ടതാണ്.

## 1-15-5 2016 ലെ പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങൾ പാലിക്കേണ്ടതാണ്

എരുത്തേമ്പതി ഗ്രാമപഞ്ചായത്തിൽ ലൈസൻസ് പുതുക്കുന്നതോടൊപ്പമുള്ള സത്യവാങ്മൂലത്തിലും ഹരിതകർമ്മസേനയുടെ ബൈലോയിലും 50 മൈക്രോണിൽ കുറയാതെയുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾ ഉപയോഗിക്കാൻ പാടില്ലെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്.

പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങൾ 2016 ചട്ടം 4(1) ൽ 2021 ൽ വരുത്തിയ ഭേദഗതികൾ പ്രകാരം (ജി.എസ്.ആർ 571 (ഇ) തീയതി : 12.08.2021) പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ കനം 30.09.2021 മുതൽ 75 മൈക്രോണിലും 31.12.2022 മുതൽ 120 മൈക്രോണിലും കുറയാൻ പാടുള്ളതല്ലെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ രേഖകളിൽ ചട്ടപ്രകാരമുള്ള ഭേദഗതികൾ വരുത്തേണ്ടതാണ്.

## 1-16 കുടിവെള്ളവിതരണം - വെള്ളക്കരം കുടിശ്ശിക തീർപ്പാക്കാതെ തുടരുന്നു

മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇതു സംബന്ധിച്ച പരാമർശങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ബൾക്ക് മീറ്റർ റീഡിംഗ് പ്രകാരം ഡിമാന്റ് ചെയ്ത വെള്ളക്കരത്തിന്റെ കുടിശ്ശിക ഒടുക്കുന്നതിനുള്ള ശ്രമം നാളിതുവരെ ഉണ്ടായതായി കാണുന്നില്ല.
30-11-2019 വരെയുള്ള വെള്ളക്കരം കുടിശ്ശിക ₹5,12,30,121 രൂപയാണെന്ന് 6-12-2019 ലെ കേരള വാട്ടർ അതോറിറ്റി എ.എക്സ്.ഇ യുടെ ഡിമാന്റ് നോട്ടീസിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-9 (Other Liabilities) പ്രകാരം വാട്ടർ ചാർജ് ഇനത്തിൽ ജല അതോറിറ്റിക്ക് നൽകുവാൻ അവശേഷിക്കുന്ന തുക ₹4,40,42,931 രൂപ മാത്രമാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) വാട്ടർ അതോറിറ്റി കണക്കാക്കിയ കുടിശ്ശിക ഏത് വർഷം മുതൽക്കുള്ളതാണെന്നും കുടിശ്ശിക കണക്കാക്കിയത് കൃത്യമാണോ എന്നും ഗ്രാമപഞ്ചായത്ത് വിലയിരുത്തേണ്ടതാണ്.

2) സർക്കാരിനെ സമീപിച്ചും അദാലത്ത് മുഖേനയും കുടിശ്ശിക കുറവു ചെയ്തും ആയത് തീർപ്പാക്കുന്നതിനുള്ള ശ്രമം നടത്തേണ്ടതാണ്.
ബൾക്ക് മീറ്റർ പ്രകാരമുള്ള കുടിശ്ശിക തീർപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണം നം. 14/13.10.2023 നുള്ള മറുപടിയിൽ കുടിശ്ശിക തീർപ്പാക്കുന്നതിനായി നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട്. തുടർനടപടികൾ അറിയിക്കേണ്ടതാണ്.

## 1-17 പെർമിറ്റ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

താഴെ പറയുന്ന പെർമിറ്റ് ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| പെർമിറ്റ് നം./ തീയതി | അപേക്ഷകന്റെ പേര് | വാർഡ് നം. | വിഭാഗം | വിസ്തീർണ്ണം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| C3-BA(382981)/ 2022/ 03.12.2022 | കെ.കെ.കൺസ്ട്രക്ഷൻസ് | 5/2, 5/3 | ഇൻഡസ്ട്രിയൽ | 459.1 ച.മീ |

1997 ലെ കേരള പഞ്ചായത്ത് രാജ്(പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(1) പ്രകാരം ആവശ്യമായ എല്ലാ രേഖകളും രജിസ്റ്ററുകളും അക്കൗണ്ടുകളും സെക്രട്ടറി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. ചട്ടം 12(2) പ്രകാരം ബന്ധപ്പെട്ട രേഖകളോ കണക്കുകളോ നൽകാൻ വീഴ്ച വരുത്തിയാൽ അത്തരം രേഖയോ കണക്കോ നിലവിലില്ല എന്ന് കരുതപ്പെടുന്നതും അതനുസരിച്ചുള്ള നിഗമനങ്ങളിൽ എത്താവുന്നതാണ്. ചട്ടം 12(4) പ്രകാരം രേഖകളോ കണക്കുകളോ നൽകാതിരുന്നാൽ ഓഫീസ് ഉത്തരവുകളുടേയും പഞ്ചായത്ത് തീരുമാനങ്ങളുടേയും അടിസ്ഥാനത്തിൽ ഏല്പിച്ചിട്ടുള്ള കൃത്യങ്ങളിൽ വീഴ്ച വരുത്തിയാൽ ഉത്തരവാദി ജോലി വിഭജനമനുസരിച്ചുള്ള ഉദ്യോഗസ്ഥനോ ജീവനക്കാരനോ ആയിരിക്കുന്നതും ഇക്കാര്യങ്ങളിൽ അയാളുടെ മേലുദ്യോഗസ്ഥനും സെക്രട്ടറിക്കും മേൽനോട്ട പിശകിനും ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതുമാണ്.

മേൽ സൂചിപ്പിച്ച ഫയൽ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നം. 24/1

മേൽ സൂചിപ്പിച്ച ഫയൽ ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നം. 24/18.10.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

8.10.23 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-18 തെരുവ് വിളക്കുകളുടെ പരിപാലനം വിലയിരുത്തൽ

ഗ്രാമപഞ്ചായത്തിന്റെ തെരുവ് വിളക്കുകളുടെ പരിപാലനം വിലയിരുത്തിയതിന്മേലുള്ള കണ്ടെത്തലുകളും, നിരീക്ഷണകളും താഴെ ചേർക്കുന്നു.

തെരുവു വിളക്കുകളുടെ കണക്ക് -സംയുക്ത പരിശോധന

നിലാവ് പദ്ധതിക്ക വേണ്ടിയുള്ള സംയുക്ത പരിശോധന 2021 ജനുവരിയിൽ നടത്തിയിട്ടുണ്ട്.

വേലന്താവളം K.S.E.B സെക്ഷനു കീഴിൽ 510 ലാമ്പുകളും കൊഴിഞ്ഞാമ്പാറ സെക്ഷനു കീഴിൽ 490 ലാമ്പുകളും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. നിലാവ് പദ്ധതി പ്രകാരം 14 വാർഡുകളിൽ 394 ബൾബുകൾ നാളിത് വരെ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്.

നിലാവ് പദ്ധതിക്ക് ശേഷം പഞ്ചായത്തിന്റെ പരിധിയിലുള്ള പ്രവർത്തനക്ഷമമായ തെരുവ് വിളക്കുകളുടെ കണക്കുകളിലെ കൃത്യത K.S.E.B അധികൃതരും പഞ്ചായത്തും ചേർന്ന് സംയുക്ത പരിശോധനയിലൂടെ തിട്ടപ്പെടുത്തുവാൻ 11.09.'23 ലെ എസ്.സി.1/3445/'22 നം., കത്ത് പ്രകാരം പഞ്ചായത്ത് സെക്രട്ടറി K.S.E.Bയുടെ വേലന്താവളം A.E, നാട്ടുകൽ A.E എന്നിവർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയത് പൂർത്തീകരിച്ചിട്ടില്ല.

തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്

തൻവർഷം 865143 രൂപ വൈദ്യുതി ചാർജ്ജ് ഇനത്തിൽ ഒടുക്കിയിട്ടുണ്ട്. ഭൂരിഭാഗം തെരുവ് വിളക്കുകൾക്കും മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. മീറ്ററിന് കീഴിലല്ലാത്ത ലാമ്പുകളും നിലവിലുണ്ട്.

തെരുവ് വിളക്കുകൾക്കുള്ള മീറ്ററിംഗ് പൂർണ്ണമായി ഏർപ്പെടുത്തിയിട്ടില്ല. മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്താത്ത തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് K.S.E.B യിൽ നിന്നും ലഭ്യമാക്കിയ താരിഫ് റേറ്റ് പ്രകാരമാണ് അടവാക്കി വരുന്നത്.

മീറ്ററിംഗ് കീഴിലല്ലാത്ത ലാമ്പുകളുടെ കണക്ക് ലഭ്യമായില്ല.

ആറ് ഹൈമാസ്റ്റ് ലാമ്പുകളും നിലവിലുണ്ട്.

ശരാശി 72,095 രൂപ പ്രതിമാസ വൈദ്യുതി ചാർജ്ജിനത്തിൽ ഗ്രാമപഞ്ചായത്തിന് ചെലവാകുന്നുണ്ട്.

തെരുവു വിളക്ക് റിപ്പയർ

പ്രൊ.നം.157/21-തെരുവു വിളക്ക് മെയ്ന്റനൻസ് പ്രകാരം തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്നതിനായി 99,423 രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

തെരുവു വിളക്ക് പരിപാലനം കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കുവാനായി 18.10.'23 ലെ ഓഡിറ്റ് അന്വേഷണം നം. 23 ലൂടെ ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭ്യമായില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. സംയുക്ത പരിശോധന നടത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

2. എല്ലാ തെരുവു വിളക്കുകളുടെയും മീറ്ററിംഗ് പൂർണ്ണമാക്കേണ്ടതാണ്.

3. കൃത്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ മാത്രം റിപ്പയർ പ്രവൃത്തികൾ നടത്തേണ്ടതാണ്.
തുടർനടപടികൾ അറിയിക്കേണ്ടതാണ്.

1-19 ഹരിതകർമസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/2020/തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്.

എരുത്തേമ്പതി ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം 09/2020 മുതൽക്കാണ് ആരംഭിച്ചിട്ടുള്ളത്. വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മസേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്. ഹരിതകർമ്മസേനയുടെ

പ്രവർത്തനം വിലയിരുത്തിയതിന്മേലുള്ള ഓഡിറ്റ് കണ്ടെത്തലുകളും നിരീക്ഷണങ്ങളും താഴെ ചേർക്കുന്നു. (12.10.'23ലെ അന്വേഷണം നം.7)

ബൈലോ

ഹരിതകർമ്മസേനയുടെ പ്രവർത്തനത്തിനായുള്ള ബൈലോ പഞ്ചായത്ത് ഡയറക്ടറുടെ നടപടിക്രമം നം. PAN/7914/2022/C3(DP)/7-6-22 പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

വീടുകളുടെയും കടകളുടെയും എണ്ണം

ഗ്രാമപഞ്ചായത്തിൽ 4500 വീടുകളും 175 കടകളും ഉള്ളതായി ഹരിതകർമ്മസേനാംഗങ്ങൾ അറിയിച്ചിട്ടുണ്ട്.

യൂസർ ഫീ

വീടുകൾക്ക് 50 രൂപയും, കടകൾക്ക് 100 രൂപയുമാണ് യൂസർ ഫീ പിരിക്കുന്നത്. എല്ലാ വീടുകളിൽ നിന്നും കടകളിൽ നിന്നും യൂസർ ഫീ ലഭ്യമാകാത്ത സ്ഥിതിയുണ്ടെന്നും അറിയിച്ചിട്ടുണ്ട്. 14 വാർഡുകളിലായി 28 ഹരിതകർമ്മസേനാംഗങ്ങളാണ് നിലവിലുള്ളത്. ശരാശരി 150000 രൂപ മാത്രമാണ് യൂസർഫീ ഇനത്തിൽ നിലവിൽ പ്രതിമാസം ലഭ്യമാകുന്നത്. പ്രതിദിനം 200 രൂപയിൽ താഴെ മാത്രമേ പ്രതിഫലം ലഭ്യമാകുന്നുള്ളൂ.

സെക്രട്ടറിയുടെ 17.10.'23 ലെ മറുപടി

മുൻ സാമ്പത്തിക വർഷങ്ങളിൽ യൂസർ ഫീയിനത്തിലുള്ള വരവ് ശരാശരി 4000 രൂപ എന്നതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തിൽ വരവ് 1,51,100/- രൂപയായി ഉയർന്നിട്ടുണ്ട്. യൂസർ ഫീയുടെ കളക്ഷൻ 100% കൈവരിക്കുവാനായി പഞ്ചായത്ത് നിലവിൽ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

എം.സി.എഫ് - സ്ഥിരം സംവിധാനം നിലവിലില്ല

ഗ്രാമപഞ്ചായത്തിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായുള്ള സംവിധാനങ്ങൾ ഉൾക്കൊള്ളുന്ന എം.സി.എഫ് നാളിതുവരെ സജ്ജീകരിച്ചിട്ടില്ല. ഹരിതകർമസേന ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യം വേർതിരിക്കുന്നത് സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് ഏർപ്പെടുത്തിയിട്ടുള്ള താത്കാലിക സംവിധാനത്തിലാണ്. പുനചംക്രമണ യോഗ്യമായ പ്ലാസ്റ്റിക് മാലിന്യം പഞ്ചായത്ത് ഓഫീസിന്റെ സമീപത്തുള്ള പഴയ കെട്ടിടത്തിലാണ് ശേഖരിച്ചു വയ്ക്കുന്നത്.

2022-23 വർഷത്തിൽ 56/23-MCF ന് അനുബന്ധ സൗകര്യങ്ങൾ ഒരുക്കൽ എന്ന പ്രോജക്റ്റ് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 9,00,000 രൂപ വകയിരുത്തിയെങ്കിലും എം.സി.എഫ് കെട്ടിടത്തിനായി തൻവർഷം തുകയൊന്നും ചെലവഴിച്ചിട്ടില്ല.
1986 ലെ പരിസ്ഥിതി സംരക്ഷണ നിയമത്തിൻ കീഴിലുള്ള 2016 ലെ പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടങ്ങൾ, 2016 ലെ ഖരമാലിന്യ പരിപാലന ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് അവശ്യം വേണ്ട എം.സി.എഫിന് സ്ഥിരം സംവിധാനം നാളിതുവരെ ഏർപ്പെടുത്താതിരുന്നത് ഗ്രാമപഞ്ചായത്തിന്റെ ഖരമാലിന്യ പരിപാലനത്തിലെ പോരായ്മയായി വിലയിരുത്തുന്നു.

സെക്രട്ടറിയുടെ 17.10.'23 ലെ മറുപടി

മുൻ വർഷങ്ങളിൽ എം.സിഎഫ് - സ്ഥിരം സംവിധാനം ഒരുക്കുന്നതിന് പദ്ധതി തയ്യാറാക്കിയിരുന്നെങ്കിലും, സ്ഥല ലഭ്യതയില്ലാത്തതിനാൽ പ്രവൃത്തി നിർവ്വഹിക്കുവാൻ സാധിച്ചിട്ടില്ല. നിലവിൽ പി.ബ്ല്യൂ.ഡി. ബ്രിഡ്ജസ് വിഭാഗത്തിന്റെ സമ്മതത്തോട് കൂടി ഹെർബെർട്ട് പാലത്തിന് സമീപം ടേക്ക് എ ബ്രേക്ക് കേന്ദ്രം പ്രവൃത്തി നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ സമീപം സ്ഥിരമായ എം.സി.എഫ് സംവിധാനം ഏർപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

മിനി എം.സി.എഫ്

MGNREGS ന്റെ സഹകരണത്തോടെ 14 വാർഡുകളിലും മിനി എം.സി.എഫുകൾ സ്ഥാപിച്ചിട്ടുണ്ട്.

പ്ലാസ്റ്റിക്ക് മാലിന്യത്തിന്റെ വിപണനം

പുനചംക്രമണ യോഗ്യമായ പ്ലാസ്റ്റിക് ക്ളീൻ കേരള കമ്പനിയ്ക്ക് കൈമാറിയ വകയിൽ 11093 രൂപ ഹരിതകർമ്മസേനയ്ക്ക് ലഭിച്ചിട്ടുണ്ട്. ലെഗസി മാലിന്യങ്ങളുടെ കൈമാറ്റം നാളിതുവരെ നടന്നിട്ടില്ല. മാലിന്യം വേർതിരിക്കുന്ന താത്കാലിക സ്ഥലത്ത് പുനചംക്രമണ യോഗ്യമല്ലാത്ത മാലിന്യം കെട്ടിക്കിടക്കുകയാണ്. ആയത് കൊണ്ടു പോകുന്നതിനായി നാളിതുവരെ അംഗീകൃത സ്ഥാപനങ്ങളുമായി എഗ്രിമെന്റ് ചമച്ചിട്ടില്ല.

സെക്രട്ടറിയുടെ 17.10.'23 ലെ മറുപടി.

പുനചംക്രമണത്തിന് യോഗ്യമല്ലാത്ത പ്ലാസ്റ്റിക്ക് മാലിന്യം കൈമാറുന്നതിനായി ബി.എച്ച്.എൽ. ട്രേഡേഴ്സ് എന്ന സ്ഥാപനത്തെ 12.09.2023 തീയതിയിലെ 14-ാം നം., തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്. മാലിന്യം കൈമാറുന്നതിനുള്ള നടപടികൾക്ക് വി.ഇ.ഒ.യെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

വാഹനം

ഗ്രാമപഞ്ചായത്ത് വാങ്ങി നൽകിയ ഇലക്ട്രിക് വാഹനം ഹരിതകർമ്മസേനാംഗങ്ങൾ മാലിന്യ ശേഖരണത്തിനായി ഉപയോഗപ്പെടുത്തുന്നുണ്ട്.

സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം

ഗ്രാമപഞ്ചായത്തിൽ ഇതുവരെയായി സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റത്തിനായുള്ള ക്യൂ.ആർ കോഡ് സംവിധാനം നാളിതുവരെ നടപ്പാക്കിയിട്ടില്ല.

സെക്രട്ടറിയുടെ 17.10.'23 ലെ മറുപടി

2023-'24 സാമ്പത്തിക വർഷത്തിൽ പദ്ധതി ഏറ്റെടുത്ത് കെൽട്രോണുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഹരിതകർമ്മ സേനാംഗങ്ങൾക്ക് ഒന്നാം ഘട്ട പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം നടന്നു വരുന്നു.

അക്കൗണ്ട് നീക്കിയിരിപ്പ്

ഹരിതകർമ്മസേനയുടെ അക്കൗണ്ടിൽ നിലവിൽ (നം. 179210101608З) 1,11,434 രൂപ നീക്കിയിരിപ്പുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. എം സി എഫിനായി സ്ഥിരം സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

2. ലെഗസി മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

3. പുനചംക്രമണ യോഗ്യമായ പ്ലാസ്റ്റിക്ക് മാലിന്യങ്ങളുടെ വിപണനം കാര്യക്ഷമമാക്കേണ്ടതാണ്.

4. യൂസർ ഫീ പിരിവ് കാര്യക്ഷമമാക്കേണ്ടതാണ്.

5. ഖരമാലിന്യ പരിപാലനത്തിൽ അംഗീകൃത ബൈലോയിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

1-20 പൊതുടാപ്പുകൾ ഒഴിവാക്കുന്നതിനായി നിക്ഷേപിച്ച തുകയുടെ ധന വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് സെക്രട്ടറി അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടിന്റെ വിശദവിവരം :

| | |
|---|---|
| പ്രോജക്ടിന്റെ നം., | S0201/23 |

| | |
|---|---|
| പേര് | പൊതു ടാപ്പുകളുടെ വെള്ളക്കരം അടവാക്കൽ (ഡിസ്മാന്റ്ലിംഗ് ചാർജ്ജ്) |
| അടങ്കൽ | 1,40,000/- (മെയിന്റനൻസ് റോഡിതരം) |
| ബിൽ നം., / തീയതി | 29/22-23/ 07/03/23 |
| ചെലവ് | 1,40,000/- |

പ്രോജക്ട് പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികളിൽ ഉൾപ്പെടുത്തി പൊതു ടാപ്പുകൾ വിച്ഛേദിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയിലേക്ക് 1,40,000/- രൂപ കൈമാറിയിട്ടുണ്ട്.

തുക കൈമാറിയതിന്റെ വിശദവിവരം :

| ഏജൻസി | അക്കൗണ്ട് നം., | തുക |
|---|---|---|
| കേരള വാട്ടർ അതോറിറ്റി, പാലക്കാട്. | 67147990082 | 1,40,000/- |

ഡെപ്പോസിറ്റ് പ്രവൃത്തിക്കുള്ള തുക കരാറുകാരന് നൽകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം സമർപ്പിക്കുന്നതാണെന്ന വിവരം കേരള വാട്ടർ അതോറിറ്റി, എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 30.09.2023 ലെ KWA/PHD/PKD/A2/855/2022 നം., കത്ത് പ്രകാരം പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്.

1,40,000/-രൂപയുടെ ധന വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടതിനുള്ള (12.10.'23 ലെ അന്വേഷണം നം.6) മറുപടിയിൽ ആയത് ലഭ്യമാക്കി സമർപ്പിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ധന വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

തുക ഡെപ്പോസിറ്റ് ചെയ്ത തിയതി മുതൽക്കുള്ള വെള്ളക്കരം ജല അതോറിറ്റി ഈടാക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-21 നിക്ഷേപ പ്രവൃത്തിക്കുള്ള ധന വിനിയോഗ സാക്ഷ്യപത്രം - ഹാജരാക്കേണ്ടതാണ്

2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് സെക്രട്ടറി അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു :

| | |
|---|---|
| പ്രോജക്ടിന്റെ നം., | S0177/'23 |
| പേര് | വിവിധ എസ്.സി. കോളനികളിൽ സ്ട്രീറ്റ് ലൈൻ നീട്ടൽ |
| വികസന ഫണ്ട് (SCP) | 3,69,396/- |
| ധനകാര്യ കമ്മീഷൻ അവാർഡ് | 3,80,000/- |
| ആകെ അടങ്കൽ | 7,49,396/- |
| ബിൽ നം., /തീയതി | 34/22-23/29-03-'23 |
| ചെലവ് | 3,69,396/- |

എരുത്തേമ്പതി ഗ്രാമപഞ്ചായത്തിലെ വിവിധ എസ്.സി കോളനികളിൽ സ്ട്രീറ്റ് ലൈൻ നീട്ടുന്നതിനായി തുക കൈമാറിയതിന്റെ വിശദവിവരങ്ങൾ :

| ഗുണഭോക്താവ് | അക്കൗണ്ട് നം., | തുക |
|---|---|---|
| A.E., K.S.E.B., കൊഴിഞ്ഞാമ്പാറ | 57044189877 | 3,69,396/- |

K.S.E.B ക്ക് കൈമാറിയ 3,69,396/- രൂപയുടെ ധന വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. (12.10.2023 ലെ അന്വേഷണം നം.3)

പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് ആയത് ഹാജരാക്കുന്നതാണെന്ന് 17.10.23 ലെ മറുപടി പ്രകാരം സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ധന വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-22 നിക്ഷേപ പ്രവൃത്തിക്കുള്ള ധന വിനിയോഗ സാക്ഷ്യപത്രം - ഹാജരാക്കേണ്ടതാണ്

2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് സെക്രട്ടറി അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടിന്റെ വിശദവിവരം താഴെ ചേർക്കുന്നു :

| | |
|---|---|
| പ്രോജക്ടിന്റെ നം., | S0064/'23 |
| പേര് | വിവിധ സ്ട്രീറ്റ് ലൈൻ നീട്ടൽ |
| ധനകാര്യ കമ്മീഷൻ അവാർഡ് | 2,28,000/- (അടങ്കൽ) |
| ആകെ ചെലവ് | 2,26,678/- |

| വൗച്ചർ., നം., | തീയതി | തുക |
|---|---|---|
| 42200698 | 30/03/2023 | 26,550/- |

ഗ്രാമപഞ്ചായത്തിലെ വിവിധ സ്ട്രീറ്റ് ലൈൻ നീട്ടൽ എന്ന പദ്ധതിക്കായി തുക കൈമാറിയതിന്റെ വിശദവിവരങ്ങൾ :

| ഗുണഭോക്താവ് | അക്കൗണ്ട് നം., | തുക |
|---|---|---|
| A.E, K.S.E.B, വേലന്താവളം | 0835201005001 | 26,550/- |

വിവിധ സ്ട്രീറ്റ് ലൈൻ നീട്ടൽ എന്ന പദ്ധതിക്കായി വേലന്താവളം, K.S.E.B., A.E യുടെ അക്കൗണ്ടിലേക്ക് കൈമാറിയ 26,550/- രൂപയുടെ ധന വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. (12.10.20223 ലെ അന്വേഷണം നം.3).

പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് ആയത് ഹാജരാക്കുന്നതാണെന്ന് 17.10.'23 ലെ മറുപടി പ്രകാരം സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ധന വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-23 സ്റ്റീൽ സാമഗ്രികൾ കയ്യൊഴിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല

ആർ.വി പുലൂർ മാകാളിയമ്മൻ ക്ഷേത്രത്തിനുള്ളിലെ വാട്ടർ ടാങ്ക് അപകടകരമായ അവസ്ഥയിൽ നിലനിൽക്കുന്നതായി ജനങ്ങൾ പരാതി സമർപ്പിച്ചിട്ടുള്ളത് കണക്കിലെടുത്ത് പഞ്ചായത്ത് ടാങ്ക് പൊളിച്ച് നീക്കുവാനുള്ള പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

2022-'23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് സെക്രട്ടറി അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടിന്റെ വിശദവിവരങ്ങൾ :

| | |
|---|---|
| പ്രോജക്ട് നം., | 65/23 |
| പേര് | ആർ.വി പുലൂർ മാകാളിയമ്മൻ ക്ഷേത്രത്തിനുള്ളിലെ വാട്ടർ ടാങ്ക് പൊളിച്ച് നീക്കൽ |
| അടങ്കൽ | 1,03,784/- (തനത് ഫണ്ട്) |

28-6-21 ലെ തീരുമാനം നം. 17/1 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ എ.ഇ യെ ചുമതലപ്പെടുത്തുകയും 11-1-2022 ലെ 5/3 നം. തീരുമാന പ്രകാരം ടെണ്ടർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

കരാറുകാരൻ - ശ്രീ.എ.ലീയാക്കത്തലി
ചെലവ് വിവരം:

| വൗച്ചർ നം., | തീയതി | തുക |
|---|---|---|
| 22200103 | 30/05/2022 | 89,928/- |

അസി.എഞ്ചിനിയർ 22-4-2022 ന് സെക്രട്ടറിക്ക് നൽകിയ കത്ത് പ്രകാരം 1253 Kg സ്റ്റീൽ പൊളിച്ചു മാറ്റിയിട്ടുണ്ടെന്നും ആയതിന്റെ മൂല്യം 30,072/- രൂപയാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പ്രവൃത്തിയുടെ ബിൽ, അളവ് പുസ്തകം, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവയോടൊപ്പം, സ്റ്റീൽ സാമഗ്രികൾ ലേല നടപടികളിലൂടെ കൈയൊഴിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത വിവരവും ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. (16.10.23 ലെ അന്വേഷണ നം.15). ആയതിനുള്ള മറുപടിയിൽ പ്രവൃത്തി പൂർത്തീകരിച്ച വിവരം സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും സ്റ്റീൽ സാമഗ്രികൾ ലേല നടപടികളിലൂടെ കൈയൊഴിച്ചതിന്റെ വിവരം ഉൾക്കൊള്ളിച്ചിട്ടില്ല.

സാമഗ്രികൾ കൈയൊഴിച്ചതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-24 ABC പ്രോഗ്രാം-ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് സെക്രട്ടറി അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടിന്റെ വിശദവിവരം :

| | |
|---|---|
| പ്രോജക്ട് നം., | S0173/23 |
| പേര് | ABC പ്രോഗ്രാം വിഹിതം നൽകൽ |
| വികസന ഫണ്ട് (G) | 1,00,000/- |
| ബിൽ നം.,/തീയതി | 19/11-01-2023 |
| ചെലവ് | 1,00,000/- |

തുക കൈമാറിയതിന്റെ വിശദവിവരം :

| സ്ഥാപനം | അക്കൗണ്ട് നം., | തുക |
|---|---|---|
| ജില്ലാ പഞ്ചായത്ത്, പാലക്കാട്. | 799011400002200 | 1,00,000/- |

പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് കൈമാറിയ 1,00,000/- രൂപയ്ക്കുള്ള ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള 12.10.2023 ലെ അന്വേഷണം നം. 4ന് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് ഹാജരാക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് എ.ബി.സി പ്രോഗ്രം നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും നൽകിയ തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

1-25 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

2022-23 സാമ്പത്തിക വർഷത്തിൽ പഞ്ചായത്ത് സെക്രട്ടറി അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടിന്റെ മറ്റ് വിശദവിവരങ്ങൾ :

| | |
|---|---|
| പ്രോജക്റ്റ് നം., | S0168/23 |
| പേര് | തൊഴിലുറപ്പ് പദ്ധതി പ്രകാരം നിർമ്മിക്കുന്ന ന്യൂ കോളനി അങ്കണവാടിക്ക് വിഹിതം നൽകൽ. |
| വികസന ഫണ്ട് | 1,70,000/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1,30,000/- |
| മറ്റുള്ളവ | 6,00,000/- |
| ആകെ അടങ്കൽ | 9,00,000/- |
| ബിൽ നം.,/തീയതി | 24/25-02-2023 |
| ചെലവ് | 1,92,156/- |

എരുത്തേമ്പതി ഗ്രാമപഞ്ചായത്തിലെ വാർഡ് 12 ൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം നിർമ്മിക്കുന്ന ന്യൂ കോളനി അങ്കണവാടിക്ക് വിഹിതം നൽകൽ എന്ന പദ്ധതി നിർവ്വഹണത്തിനായി തുക കൈമാറിയതിന്റെ വിശദവിവരങ്ങൾ :

| ഏജൻസി | അക്കൗണ്ട് നം., | തുക |
|---|---|---|
| സ്റ്റേറ്റ് മിഷൻ, MNREGS | 799011400000486 | 1,92,156/- |

MNREGS സ്റ്റേറ്റ് മിഷനിലേക്ക് കൈമാറിയ 1,92,156/- രൂപയുടെ ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാനും, പ്രവൃത്തിയുടെ നിലവിലെ സ്ഥിതി ഓഡിറ്റിനെ അറിയിക്കുവാനും ആവശ്യപ്പെട്ടിരുന്നു (12.10.'23 ലെ അന്വേഷണ നം. 5).

17.10.'23 ലെ മറുപടിയിൽ പ്രവൃത്തി സ്പിൽ ഓവറായി 2023-24ൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ധനവിനിയോഗ സാക്ഷ്യപത്രം ആവശ്യപ്പെടുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും സ്റ്റേറ്റ് മിഷന് കൈമാറിയ തുകയുടെ ധന വിനിയോഗ സാക്ഷ്യപത്രവും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-26 പാലിന് ഇൻസെന്റീവ്- വകയിരുത്തിയ തുക ചെലവഴിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 90/23 (ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ് -ജനറൽ) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ |
| അടങ്കൽ | 1800000/-(1300000/- (വികസനഫണ്ട്-ജനറൽ), 500000/- ജില്ലാപഞ്ചായത്ത് വിഹിതം) |
| ചെലവ് | 500000/- (ജില്ലാപഞ്ചായത്ത് വിഹിതം) |
| ബിൽ നം / തിയതി | 1) 3/25.02.2023, 35880/-<br>2) 4/25.02.2023, 70152/-<br>3) 5/25.02.2023, 37599/-<br>4) 6/25.02.2023, 194845/-<br>5) 7/27.02.2023, 43100/-<br>6) 8/27.02.2023, 29973/- |

| | |
|---|---|
| | 7) 9/27.02.2023, 48473/-<br>8) 10/27.02.2023, 39978/- |

എട്ട് ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളിലായി 1000-ൽ അധികം ക്ഷീരകർഷകർ പാൽ അളക്കുന്നുണ്ട്. 06/12/2022 തിയതിയിലെ 2(1) തീരുമാന പ്രകാരമുള്ള ഗുണഭോക്തൃ ലിസ്റ്റിൽ 1015 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്.

വികസന ഫണ്ടിൽ നിന്നും 13 ലക്ഷം രൂപയും ജില്ലാ പഞ്ചായത്ത് വിഹിതമായി 5 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഏപ്രിൽ 2022 മാസത്തിൽ അളന്ന പാലിനുള്ള സബ്സിഡി തുക മാത്രമാണ് തൻവർഷം 885 ക്ഷീര കർഷകർക്കായി അനുവദിച്ചിട്ടുള്ളത് (27.73%). ജില്ലാ പഞ്ചായത്ത് വിഹിതമായ 5 ലക്ഷം രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. വികസന ഫണ്ടിൽ നിന്നും ചെലവൊന്നുമില്ലാത്തതിനാൽ 13 ലക്ഷം രൂപ അർഹതപ്പെട്ട കർഷകർക്ക് ലഭ്യമാകാതെപോയി.

2) പാലളവ് സ്റ്റേറ്റ്മെന്റ് ബന്ധപ്പെട്ട ക്ഷീരസഹകരണ സംഘങ്ങൾ സാക്ഷ്യപ്പെടുത്തി നൽകിയിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/13.10.2023) പഞ്ചായത്തു വിഹിതം ലഭ്യമാകാത്തതിനാലാണ് തുക ചെലവഴിക്കാതിരുന്നതെന്നും 2023-24 വർഷത്തെ സ്പിൽഓവർ പ്രോജക്ട് പ്രകാരം തുക നൽകുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്.
പ്രോജക്ടുകൾ അതത് വർഷം തന്നെ നടപ്പാക്കാനും അർഹമായ തുക ക്ഷീരകർഷകർക്ക് നൽകുവാൻ ശ്രദ്ധിക്കേണ്ടതുമാണ്. ബന്ധപ്പെട്ട ക്ഷീരസഹകരണ സംഘങ്ങൾ സാക്ഷ്യപ്പെടുത്തിയ പാലളവ് സ്റ്റേറ്റ്മെന്റ് സൂക്ഷിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഇൻസെന്റീവ് തുക അനുവദിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

1-27 വൃദ്ധർക്ക് കട്ടിൽ വിതരണം - നേരിട്ടുള്ള വാങ്ങലിൽ സർക്കാർ മാർഗ്ഗനിർദ്ദശങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം. | 1) 70/23 (വൃദ്ധർക്ക് കട്ടിൽ- ജനറൽ-SO)<br>അടങ്കൽ - 378450/- (350000-വികസന ഫണ്ട് (ജനറൽ), 28450-തനത് ഫണ്ട്)<br>ചെലവ് - 374093/- (348293-വികസന ഫണ്ട് (ജനറൽ), 25800-തനത് ഫണ്ട്)<br>ബിൽ നം. 1) 3/31.05.22, തുക – 348293/- രൂപ<br>2) 26/30.05.2022, തുക 25800/- രൂപ<br>2) 72/23 (വൃദ്ധർക്ക് കട്ടിൽ- SC-SO)<br>അടങ്കൽ - 139104/- (വികസന ഫണ്ട്-SCP)<br>ചെലവ് - 94598/- (ബിൽ നം. 33/25.02.23, തുക.94598)<br>3) 71/23 (വൃദ്ധർക്ക് കട്ടിൽ- TSP-SO)<br>അടങ്കൽ- 190200/- (വികസന ഫണ്ട്-TSP)<br>ചെലവ് - 150497/- രൂപ<br>ബിൽ നം.18/19.10.22, തുക.90298/- രൂപ (34/25.02.23, 60199) |

60 വയസ്സ് പൂർത്തിയായ വൃദ്ധർക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനായി മൂന്ന് പ്രോജക്ടുകളാണ് 2022-23 വർഷത്തിൽ നടപ്പാക്കിയിട്ടുള്ളത്. സിഡ്കോ എന്ന ഏജൻസിയിൽ നിന്നും ടെണ്ടർ കൂടാതെയാണ് നേരിട്ട് 143 (ജനറൽ-86+എസ്.സി-22+എസ്.ടി-35 കട്ടിലുകൾ വാങ്ങിയിട്ടുള്ളത്. കട്ടിൽ ഒന്നിന് 4300 രൂപയാണ് നൽകിയിട്ടുള്ളത്. ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തി.

1) സിഡ്കോയിൽ നിന്നുള്ള വാങ്ങൽ

G.O.(Rt)No.33/2021/SPD, തിയതി.22/11/2021 ഉത്തരവിലെ ഖണ്ഡിക 4 പ്രകാരം സിഡ്കോയിൽ നിന്നും സാധനങ്ങൾ നേരിട്ട് വാങ്ങുമ്പോൾ, പ്രസ്തുത സാധനങ്ങൾ സിഡ്കോയിൽ നിർമ്മിക്കുന്നതാണെന്നും പുറമെ നിന്ന് വാങ്ങിയിട്ടില്ലാത്തതുമാണ് എന്ന് മാനേജിംഗ് ഡയറക്ടർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. അപ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടില്ല. സിഡ്കോയ്ക്ക് നേരിട്ട് സാധനങ്ങൾ വിതരണം ചെയ്യുന്നതിനായുള്ള G.O.(Rt.)No.49/2019/ SPD., തിയതി.14.11.2019 പ്രകാരമുള്ള പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത കട്ടിലുകളാണ് സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുള്ളത്. ആയത് ക്രമപ്രകാരമല്ല.

2. പ്രോജക്ടിൽ വാങ്ങൽ രീതി അക്രഡിറ്റഡ് ഏജൻസി മുഖേന നേരിട്ട് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 25000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങൾ GeM പോർട്ടലിൽ നിലവിലുണ്ടോ എന്ന് പരിശോധിച്ച് GeM പോർട്ടലിൽ ഇല്ലാത്ത സാധനങ്ങൾ മറ്റ് രീതിയിൽ വാങ്ങാവുന്നതാണ്. പ്രോജക്ട് രൂപീകരണത്തിൽ GeM മുഖേന വാങ്ങുന്നതിനോ GeM ൽ ഇല്ലാത്ത സാധനങ്ങൾ മറ്റ് രീതിയിൽ വാങ്ങുന്നതിനോ മുൻഗണന നൽകുന്നതിനു പകരം നേരിട്ട് വാങ്ങുന്ന രീതിയിൽ പ്രോജക്ട് ആവിഷ്കരിച്ചത് ആസൂത്രണത്തിലെ പോരായ്മയായി വിലയിരുത്തുന്നു.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.16/16.10.2023) തുടർന്നുള്ള വർഷങ്ങളിൽ ജെം മുഖേന കട്ടിലുകൾ വാങ്ങുന്നതിന് ശ്രദ്ധിക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

വാങ്ങലുകളിൽ അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-28 അമൃതം ന്യൂട്രിമിക്സ് - ജി.എസ്.ടി ടി.ഡി.എസ് നടത്തിയിട്ടില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| പ്രോജക്ട് നം | 4/23 (അങ്കണവാടി പോഷകാഹാരം- ജനറൽ) |
| അടങ്കൽ | 3300000/- (വികസനഫണ്ട്-ജനറൽ-1000000, കേന്ദ്രഫണ്ട്- 2000000 രൂപ, ബ്ലോക്ക് വിഹിതം- 300000 രൂപ) |
| ചെലവ് | 1805749/- (വികസനഫണ്ട്-ജനറൽ-999927, കേന്ദ്രഫണ്ട്- 805822) |

സ.ഉ(സാധാ)നം.450/2018/ത.സ്വ.ഭ.വ തിയതി 25.05.2018 പ്രകാരം അമൃതം ന്യൂട്രീമിക്സിന് 5% ജി.എസ്.ടി ഉൾപ്പെടെയാണ് വില നിശ്ചയിച്ചിട്ടുള്ളത്. സി.ജി.എസ്.ടി ആക്ട് 2017, എസ്.ജി.എസ്.ടി ആക്ട് 2017 എന്നിവയിലെ സെക്ഷൻ 51(1) പ്രകാരം കരാറിന്റെ ആകെ മൂല്യം 2.50 ലക്ഷം രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളുടെയോ സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകളിൽ കരാറുകാരുടെ ബില്ലുകളിൽ സ്രോതസ്സിൽ നിന്നും 1% വീതം ജി.എസ്.ടി കുറവ് ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. CGST,SGST ഇനങ്ങളിൽ 1% വീതം ആകെ 2% സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്. ജി.എസ്.ടി ഒഴികെയുള്ള തുകയിൽ നിന്നാണ് 2% കുറവു ചെയ്യേണ്ടത്.

2022-2023 വർഷത്തിൽ 2.5 ലക്ഷം രൂപയിൽ കൂടുതൽ തുകയ്ക്ക് അമൃതം ന്യൂട്രീമിക്സ് ജി.എസ്.ടി ഉൾപ്പെടെ കിഡ്സ് ലവർ അമൃതം ഫുഡ്സ്, കണ്ണിയപുരം, ഒറ്റപ്പാലം എന്ന കുടുംബശ്രീ യൂണിറ്റിൽ നിന്നും വാങ്ങിയിട്ടുണ്ട്. താഴെപ്പറയുന്ന ബിൽ പ്രകാരം അനുവദിച്ച തുകയിൽ നിന്നും 2% ടി.ഡി.എസ് ഈടാക്കിയിട്ടില്ല. ടി.ഡി.എസ് ഈടാക്കാതെ തുക അനുവദിച്ചതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇൻവോയ്സ് നം/ തീയതി | തുക (5% ജി.എസ്.ടി ഉൾപ്പെടെ) | ബിൽ നം/ തീയതി |
|---|---|---|
| 1099/21.07.22 | 82026/- | 15/24.09.22, ₹.112196/- |
| 1105/16.08.22 | 80705/- | 16/24.09.22, ₹.113272/- |
| 1116/22.09.22 | 93896/- | 19/19.10.22, ₹.127028/- |

| | | |
|---|---|---|
| 1128/13.10.22 | 89266 | 122/22.11.2022, ₹.123102/- |
| 1144/11.11.22 | 73647 | 138/20.12.2022, ₹.210120/- |
| ആകെ | 419540 | |

ജി.എസ്.ടി- ടി.ഡി.എസ് ഈടാക്കാതെ സ്ഥാപനത്തിന് തുക അനുവദിച്ചതിനുള്ള കാരണം അറിയിക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/16.10.2023) വരും വർഷങ്ങളിൽ ജി.എസ്.ടി- ടി.ഡി.എസ് ഈടാക്കുന്നതിന് ശ്രദ്ധിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.

2.5 ലക്ഷത്തിന് മുകളിലുള്ള വാങ്ങലുകൾക്ക് ജി.എസ്.ടി- ടി.ഡി.എസ് സ്രോതസ്സിൽ നിന്നും ഈടാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം ജി.എസ്.ടി നിയമങ്ങൾ പ്രകാരമുള്ള പിഴ ഒടുക്കേണ്ടി വരുന്നതാണ്.

## 1-29 ഭിന്നശേഷി സ്കോളർഷിപ്പ് -മറ്റു പഞ്ചായത്തിലെ താമസക്കാർക്ക് നൽകി

| | |
|---|---|
| പ്രോജക്റ്റ് നം. | 107/22 (ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പും ബത്തയും) |
| നിർവഹണ ഉദ്യോഗസ്ഥ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| അടങ്കൽ | 1034000 (413600-വികസന ഫണ്ട് (ജനറൽ), 310200-ബ്ലോക്ക് വിഹിതം, 310200-ജില്ലാപഞ്ചായത്ത് വിഹിതം) |
| ചെലവ് | 410400/- |
| ബിൽ നം. | 1) 24/07.12.22, തുക.110400/-<br>2) 25/07.12.22, തുക.300000/- |

സ.ഉ(കൈ)നം.115/2022/തസ്വഭവ, തിയതി.28.05.2022 നമ്പർ സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1.7 ലെ കുറിപ്പ് 1 പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളായവരും അല്ലാത്തവരും ഏത് തദ്ദേശ സ്ഥാപനത്തിലെ സ്ഥിരതാമസക്കാരാണോ ആ സ്ഥാപനമാണ് അവർക്ക് ധനസഹായം നൽകേണ്ടത്.

2022-23 വർഷത്തിൽ എരുത്തേമ്പതി ഗ്രാമപഞ്ചായത്തിൽ നിന്നും സ്കോളർഷിപ്പ് ലഭിച്ചവരുടെ രേഖകൾ പരിശോധിച്ചതിൽ, കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിലെ താമസക്കാരനായ (വാർഡ് നം.11, വീട്ടു നമ്പർ.350-റേഷൻ കാർഡ് നം.1947082992) അഭിലാഷ്.എ, കരടിപ്പാറ, കൊഴിഞ്ഞാമ്പാറ എന്ന വിദ്യാർത്ഥിക്കു 22462/- രൂപയും വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിലെ അജൽനിയ.ജെ.എസ്, D/o.ജയരാജ്, തച്ചംകുന്ന്, കോരൻചേരി, വടക്കഞ്ചേരി (വാർഡ് നം.6, വീട്ടു നമ്പർ.4, റേഷൻ കാർഡ് നം.1950115080) 12000/- രൂപയും സ്കോളർഷിപ്പായി നൽകിയിട്ടുണ്ട്.

എരുത്തേമ്പതി ഗ്രാമപഞ്ചായത്തിൽ താമസക്കാരല്ലാത്ത വിദ്യാർത്ഥികൾക്ക് ഈ ഗ്രാമപഞ്ചായത്തിൽ നിന്നും സ്കോളർഷിപ്പ് അനുവദിച്ചതിനുള്ള കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/16.10.2023) മറുപടി ലഭിച്ചിട്ടില്ല.

ഭിന്നശേഷി സ്കോളർഷിപ്പ് കൈപ്പറ്റിയ മേൽപ്പറഞ്ഞ ഗുണഭോക്താക്കൾ എരുത്തേമ്പതി ഗ്രാമപഞ്ചായത്തിലെ താമസക്കാരാണെന്നും അവർക്ക് റേഷൻകാർഡ് ഉള്ള ഗ്രാമപഞ്ചായത്തിൽ നിന്നും ആനുകൂല്യം ലഭിച്ചിട്ടില്ല എന്നും തെളിയിക്കുന്ന രേഖകൾ ഹാജരാക്കുന്നതുവരെ 34462 (22462+12000) രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-30 ഭിന്നശേഷിക്കാർക്ക് ഉപകരണങ്ങൾ വാങ്ങൽ- അപാകതകൾ

| | |
|---|---|
| പ്രോജക്റ്റ് നം. | 73/23 (ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ വാങ്ങി നൽകലും- SO) |
| നിർവഹണ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

| | |
|---|---|
| ഉദ്യോഗസ്ഥ | |
| അടങ്കൽ | 608360/- വികസനഫണ്ട്(ജനറൽ) |
| ചെലവ് | 608250/- വികസനഫണ്ട്(ജനറൽ) |
| ബിൽ നം/ തീയതി | 6/11.07.2022, 393543/-<br>30/25.01.2023, 214707/- |

എരുത്തേംപതി ഗ്രാമപഞ്ചായത്തിലുള്ള ഭിന്നശേഷിക്കാർക്കായി 2021-22 വർഷത്തിൽ 18.08.2021, 26.10.2021 എന്നീ തിയതികളിൽ RV പുതൂരിൽ വച്ച് മെഡിക്കൽ ക്യാമ്പ് നടത്തുകയും ഉപകരണങ്ങൾ കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ മുഖേന (ഇൻവോയ്സ് നം.030/22-23, തീയതി.07.12.2022 ₹.214707/-, ഇൻവോയ്സ് നം.096/21-22, തീയതി.31.01.2022, ₹.393543/-) വാങ്ങുകയും 2022-23 വർഷത്തിൽ ഉപകരണങ്ങൾക്കുള്ള വില സ്ഥാപനത്തിന് (അക്കൗണ്ട് നം.67041993208) അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ലഭ്യമായ ഉപകരണങ്ങൾ സ്റ്റോക്കിലെടുക്കാതെ നേരിട്ട് ഗുണഭോക്താക്കൾക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്.

സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം.22/2018/തസ്വഭവ തീയതി.14.02.2018- ലെ ഖണ്ഡിക 7.1.3, 7.1.4 എന്നിവയിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പ്രോജക്ട് നടപ്പാക്കിയിട്ടുള്ളത്. ഓരോ വ്യക്തിക്കും പ്രത്യേക സ്പെസിഫിക്കേഷൻ ഉള്ള ഉപകരണങ്ങൾ വേണം എന്നുള്ളതിനാൽ ഓരോരുത്തരെയും പരിശോധിച്ച് ഓരോരുത്തർക്കും ആവശ്യമായ ഉപകരണത്തിന്റെ പേരും സ്പെസിഫിക്കേഷനും മതിപ്പ് വിലയും നിശ്ചയിച്ച ശേഷമേ പ്രോജക്ട് തയ്യാറാക്കാവൂ എന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

ഇതു സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1) സകർമ്മ വെബ്സൈറ്റിലുള്ള 2021-22, 2022-23 എന്നീ വർഷങ്ങളിലെ ഭരണസമിതി യോഗം മിനിറ്റ്സ് പരിശോധിച്ചതിൽ, ഭിന്നശേഷി സ്കോളർഷിപ്പിന് അർഹരായവരുടെ ഗുണഭോക്തൃ ലിസ്റ്റിന് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരം ലഭിച്ചിട്ടില്ല. ഭരണസമിതിയുടെ തീരുമാനം ലഭ്യമാകാതെയാണ് ഭിന്നശേഷിക്കാർക്കായി ഉപകരണം വാങ്ങി വിതരണം ചെയ്തിട്ടുള്ളത്.

2)ഉപകരണങ്ങൾ ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖകൾ പരിശോധിച്ചതിൽ ഇൻവോയ്സ് നം.096/21-22 , തീയതി.31.01.2022 പ്രകാരം ലഭ്യമായ മുഴുവൻ ഉപകരണങ്ങളും വിതരണം ചെയ്തിട്ടില്ല.

വിതരണം ചെയ്യാത്ത ഉപകരണങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉപകരണത്തിന്റെ പേര് | വാങ്ങിയത് | വിതരണം ചെയ്തത് | ബാക്കിയുള്ളത് | ഒരെണ്ണത്തിന്റെ വില |
|---|---|---|---|---|
| Therapy Mat Medium | 7 | 6 | 1 | 5244 |
| Smart Cane | 1 | 0 | 1 | 5540.85 |
| Braily Watch | 1 | 0 | 1 | 3602.5 |
| ആകെ | | | | 14387 |

3) 26.10.2021-ന് നടന്ന ക്യാമ്പിൽ 24 ആളുകൾ പങ്കെടുത്തിട്ടുണ്ട്. പങ്കെടുത്തവരിൽ 13 ആളുകൾക്കാണ് ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുള്ളത്. മുഹമ്മദ് ആഷിക്ക്, ചിന്നമൂലത്തറ, എരുത്തേംപതി എന്ന ഗുണഭോക്താവിന് രണ്ടു മെഡിക്കൽ ക്യാമ്പുകളിലും പങ്കെടുത്ത് തെരഞ്ഞെടുക്കപ്പെട്ടതായി കാണിച്ച് ഒരേ ഉപകരണങ്ങൾ രണ്ടു തവണ വാങ്ങി നൽകുകയും ചെയ്തിട്ടുണ്ട്. രണ്ടു തവണ വാങ്ങി നൽകിയ ഉപകരണങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. CP WHEEL CHAIR- (₹.31762.5), THERAPY MAT (₹.5244/-)

ക്യാമ്പിൽ പങ്കെടുത്തവരിൽ അർഹരായ ഭിന്നശേഷിക്കാർ നിലനിൽക്കെയാണ് ഒരു ഗുണഭോക്താവിന് തന്നെ ഒരേ ഉപകരണങ്ങൾ രണ്ടു തവണയായി നൽകിയിരിക്കുന്നത്.

ഉപകരണം ഉള്ളവർക്ക് തന്നെ അതേ ഉപകരണം വീണ്ടും നൽകപ്പെടാതിരിക്കാൻ കർശന മുൻകരുതൽ

നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1.3(5) നിർദ്ദേശം പാലിക്കാതെയാണ് ഗുണഭോക്താവിന് ഒരേ ഉപകരണങ്ങൾ നൽകിയത്.

4) മെഡിക്കൽ ക്യാമ്പിൽ പങ്കെടുത്ത ഗുണഭോക്താക്കൾക്ക് ആവശ്യമായ ഉപകരണങ്ങൾ സംബന്ധിച്ച ഡോക്ടറുടെ നിർദ്ദേശവും നൽകിയ ഉപകരണങ്ങളുടെ വിശദാംശങ്ങളും പരിശോധിച്ചതിൽ, ഡോക്ടർ നിർദ്ദേശിക്കാത്ത Caliper Knee Cap (B/L) എന്ന ഉപകരണം 1) മുഹമ്മദ് ആഷിക്ക്, ചിന്നമൂലത്തറ, എരുത്തേംപതി 2) ശ്രീനവീൻ, S/o.ബീരാൻ കുമാർ നായക്, നെയ്യൂല, ഇരട്ടകുളം, ഇലപ്പുള്ളി എന്നീ ഗുണഭോക്താക്കൾക്ക് വാങ്ങി നൽകിയിട്ടുണ്ട്. Caliper Knee Cap- 4 എണ്ണം -848/- രൂപ.

ഗുണഭോക്താക്കളുടെ പേര് വിവരവും ഓരോരുത്തർക്കും വേണ്ട ഉപകരണങ്ങളുടെ ലിസ്റ്റും ഡോക്ടർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത് ലഭിച്ചശേഷം മാത്രമേ ഉപകരണങ്ങൾ വാങ്ങാവൂ എന്ന സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1.4(2) നിർദ്ദേശം പാലിക്കാതെയാണ് ഉപകരണം വാങ്ങിയത്.

5) നിർവഹണ ഉദ്യോഗസ്ഥൻ മുഖേന ആയിരിക്കണം വിതരണം നടത്തേണ്ടത് എന്ന സബ്സിഡി മാർഗ്ഗരേഖയിലെ ഖണ്ഡിക 7.1.4(2) നിർദ്ദേശം പാലിക്കാതെ കേരള സംസ്ഥാന വികലാംഗ കോർപ്പറേഷൻ നേരിട്ടാണ് ഉപകരണങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളത്.

ഇതു സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.16/16.10.23) കേരള സംസ്ഥാന വികലാംഗ കോർപ്പറേഷൻ നേരിട്ടാണ് ഉപകരണങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതെന്നും അപാകതകൾ സംബന്ധിച്ച് സ്ഥാപനവുമായി ബന്ധപ്പെട്ട് മറുപടി നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

1) ഭരണസമിതി അംഗീകരിക്കാത്ത ലിസ്റ്റ് പ്രകാരം ഗുണഭോക്താക്കൾക്ക് ഉപകരണങ്ങൾ വിതരണം ചെയ്തതിനാൽ ചെലവു തുകയായ 608250/- രൂപയിൽ നിരാകരിച്ച 37,854/- രൂപ കഴിച്ച് ബാക്കി 5,70,396/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2) വിതരണം ചെയ്യാത്ത ഉപകരണങ്ങൾ അർഹരായവർക്ക് ഭരണസമിതി തീരുമാന പ്രകാരം വിതരണം ചെയ്ത് രേഖകൾ ഹാജരാക്കേണ്ടതാണ്.

3) ഒരു ഗുണഭോക്താവിന് രണ്ടു തവണ ഉപകരണം വിതരണം ചെയ്തതിനാലുള്ള 37006/- രൂപയും മെഡിക്കൽ ക്യാമ്പിൽ ഡോക്ടർ നിർദ്ദേശിക്കാത്ത Caliper Knee Cap (B/L) എന്ന ഉപകരണം വാങ്ങി നൽകിയ 848/- രൂപയും ചേർന്ന 37854/- രൂപ നിരാകരിക്കുന്നു. [ഖണ്ഡിക 3-1 കാണുക].

## 1-31 വനിതാ സ്വയംതൊഴിൽ പദ്ധതി - പ്രവർത്തന വിവരം അറിയിക്കേണ്ടതാണ്

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പ്രോജക്റ്റ് നം. | 115/23 (വനിതകൾക്ക് തൊഴിൽ സംരംഭത്തിന് സബ്സിഡി-എസ്.സി.പി) |
| അടങ്കൽ | ₹.2278618/- (വികസനഫണ്ട് (SCP)) |
| ചെലവ് | ₹.112500/- (വികസനഫണ്ട് (SCP)) |
| ബിൽ നം./ തിയതി | 43/31.03.2023, ₹.112500/- |

എസ്.സി വനിതകൾക്ക് തൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി ഒരു വ്യക്തിയ്ക്ക് പരമാവധി 75% നിരക്കിൽ സബ്സിഡി അനുവദിക്കുക എന്നതാണ് പ്രോജക്റ്റ്.

പ്രോജക്റ്റിന്റെ ഭാഗമായി 3 വനിതകൾക്ക് തൊഴിൽ സംരംഭം തുടങ്ങുന്നതിനായി 37500/- വീതം (50000X75%) നൽകിയിട്ടുണ്ട്. 50000 രൂപ വീതം കനറാ ബാങ്ക്, മൂങ്കിൽമട ബ്രാഞ്ചിൽ നിന്നും മൂന്ന് ഗുണഭോക്താക്കളും ലോൺ എടുത്തിട്ടുണ്ട്.

1) സരസ്വതി, W/o.ശക്തിവേൽ, മലയാണ്ടി കൗണ്ടന്നൂർ, എരുത്തേമ്പതി (Tailoring ), (A/c No.1793101008799)

2) ഗിരിജ, W/o.കണ്ണൻ, ഗാന്ധിനഗർ, വണ്ണാമട(ഇസ്തിരിക്കട), (A/c No.1793101013716)

3) പത്മാവതി, W/o.ശരവണകുമാർ, വണ്ണാമട(ഉന്നൽ) (A/c No.1793101011754)
എന്നീ ഗുണഭോക്താക്കൾക്കാണ് സബ്സിഡി അനുവദിച്ചിട്ടുള്ളത്.

ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

